2024 MARCH 16

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122





TEAM FOMAA
2024-2026
Vote... Support... Elect...
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINUB SREDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# ജയമോഹൻ സാറിന് പിടിക്കാത്ത 'മഞ്ഞുമ്മൽ ബോയ്സും' മലയാളികളുടെ ചെറ്റത്തരവും

ഇക്കഴിഞ്ഞ ഫെബ്രുവരി 22-ന് തിയേറ്ററുകളിൽ റിലീസ് ചെയ്തതു മുതൽ ബോക്സ് ഓഫീസിൽ തരംഗമായിരിക്കുന്ന 'മഞ്ഞുമ്മൽ ബോയ്സ്...' എന്ന മലയാള സിനിമയുടെ പശ്ചാത്തലത്തിൽ മലയാളികളേയും മലയാള സിനിമയേയും അധിക്ഷേപിച്ച് വിവാദത്തിലകപ്പെട്ടിരിക്കുകയാണ് തമിഴ് നോവലിസ്റ്റും തിരക്കഥാകൃത്തും സർവോപരി മലയാളിയുമായ ബി ജയമോഹൻ. മലയാളികൾ പെറുക്കികളും ചെറ്റകളും ആഭാസൻമാരുമൊക്കെയാണെന്ന് അടച്ചാക്ഷേപിക്കുന്ന ജയമോഹൻ 'ലക്ഷണമൊത്ത ഒരു ഫാഷിസ്റ്റ്...' ആണെന്ന ഫെഫ്ക ജനറൽ സെക്രട്ടറിയും സംവിധായകനുമായ ബി ഉണ്ണികൃഷ്ണന്റെ സംയമനത്തോടെയുള്ള പതികരണം സ്വാഗതം ചെയ്യപ്പെടേണ്ടതുണ്ട്. ഒരു സിനിമയെ ഇഷ്ടപ്പെട്ട് സംസാരിക്കാനും വിമർശിക്കാനും എല്ലാവർക്കും അവകാശമുണ്ട്. എന്നാൽ അതിന്റെ പേരിൽ മലയാളികളെല്ലാം കൊള്ളരുതാത്തവരാണെന്ന് സ്ഥാപിക്കാൻ ജയമോഹന് ആരും തീട്ടൂരം കൊടുത്തിട്ടില്ല എന്ന് ആദ്യമേ പറയട്ടെ.

> "തെന്നിന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന മലയാളികളുടെ യഥാർഥ മനോനില തന്നെയാണ് സിനിമയിലും ഉള്ളത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാത്രമല്ല കാടുകളിലേക്കും അവർ എത്താറുണ്ട്. അത് മദ്യപിക്കാനും ഓക്കാനിക്കാനും മറിഞ്ഞ് വീഴാനും വേണ്ടി മാത്രമാണ്. മറ്റൊന്നിലും അവർക്ക് താൽപര്യമില്ല. സാമാന്യബോധമോ സാമൂഹികബോധമോ അവരെ തൊട്ടുതീണ്ടിയിട്ടില്ല. ഊട്ടിയിലും കൊടൈക്കനാലിലും കുറ്റാലത്തുമൊക്കെ മലയാളികളായ മദ്യപാനികൾ പൊതുനിരത്തിൽ മോശമായി പെരുമാറുന്നത് ഞാൻ ചുരുങ്ങിയത് പത്ത് തവണയെങ്കിലും കണ്ടിട്ടുണ്ട്..." ജയമോഹൻ കുറ്റപ്പെടുത്തി.




'ജാനേ മൻ' എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിന് ശേഷം ചിദംബരം എന്ന മലയാളി തന്നെയായ ചിദംബരം എസ് പൊതുവാൾ സംവിധാനം ചെയ്ത മഞ്ഞുമ്മൽ ബോയ്സ് തമിഴ്നാട്ടിലെ തിയേറ്ററുകളിലും നിറഞ്ഞോടുന്ന ഘട്ടത്തിലാണ് വിവാദം ഉടലെടുത്തിരിക്കുന്നത്. നടൻമാരായ സൗബിൻ ഷാഹിർ, ശ്രീനാഥ് ഭാസി, ബാലു വർഗീസ്, ഗണപതി എസ് പൊതുവാൾ, ലാൽ ജൂനിയർ, ദീപക് പറമ്പോൽ, അഭിരാം രാധാകൃഷ്ണൻ, അരുൺ കുര്യൻ, ഖാലിദ് റഹ്മാൻ, ചന്തു സലിംകുമാർ, വിഷ്ണു രഘു എന്നിങ്ങനെ 11 നായകന്മാരാണ് ചിത്രത്തിലുള്ളത്. കൂടാതെ വമ്പൻ താരനിരയും ഉൾക്കൊള്ളുന്ന 'മഞ്ഞുമ്മൽ ബോയ്സ്...' 2006-ൽ നടന്ന യഥാർത്ഥ സംഭവത്തിന്റെ ചലചിത്ര ആവിഷ്കാരമാണ്.

ചെറുപ്പം മുതലേ ഒന്നിച്ചു കളിച്ചു വളർന്ന കൊച്ചിയിലെ ഇടപ്പള്ളിക്ക് സമീപമുള്ള മഞ്ഞുമ്മൽ എന്ന ഗ്രാമത്തിലെ ഒരു കൂട്ടം ചെറുപ്പക്കാർ 2006-ൽ കൊടൈക്കനലാലിലേയ്ക്ക് ടൂർ പോകുന്നതും അപ്രതീക്ഷിതമായി അപകടത്തിൽ പെടുന്നതും ഒക്കെയാണ് 'മഞ്ഞുമ്മൽ ബോയ്സ്...' എന്ന സർവൈവൽ ത്രില്ലറിന്റെ പ്ലോട്ട്. കമൽ ഹസന്റെ പ്രശസ്തമായ 'ഗുണ' എന്ന സിനിമ കണ്ട് ആകൃഷ്ടരായി ഗുണ ഗുഹ കാണാൻ പോയ കൂട്ടുകാരിൽ ഒരാൾ ആ ഗുഹയുടെ അഗാധതയിലേയ്ക്ക് വീണു. ഔദ്യോഗിക കണക്കുകൾ പ്രകാരം അതുവരെ ഗുഹയ്ക്കുള്ളിൽ 13 പേർ വീണിട്ടുണ്ട്. കണക്കിൽ പെടാത്ത 19 പേരുണ്ടെന്ന് നാട്ടുകാരും പറയുന്നു. പക്ഷെ വീണവരാരും മടങ്ങി വന്നിട്ടില്ല. അവരുടെ അസ്ഥികൂടം പോലും പുറംലോകം കണ്ടിട്ടുമില്ല.

1991-ൽ ആണ് ഗുണ സിനിമ റിലീസ് ചെയ്തത്. ''കൺമണി അൻപോട് കാതലൻ നാൻ എഴുതും കടിതമേ...'' എന്ന ഹിറ്റ് പാട്ട് ഷൂട്ട് ചെയ്ത ചെങ്കുത്തായ ഇടുങ്ങിയ ഗുഹ പിന്നീട് 'ഗുണ സ്പോട്ട്' എന്നറിയപ്പെട്ടു. അഡ്വഞ്ചർ ടൂറിസ്റ്റുകളുടെ ഇഷ്ട കേന്ദ്രമാണ് ഗുണ കേവ്. ആ ഗുഹയിലേക്കാണ് ശ്രീനാഥ് ഭാസി (യഥാർത്ഥത്തിൽ സുബാഷ്) വീഴുന്നത്. ഗുണ കേവിൽ അകപ്പെട്ട് പോയ കൂട്ടുകാരനെ രക്ഷിക്കാൻ ഒന്നിച്ച് നിന്ന സൗഹൃദ സംഘത്തിന്റെ കഥയാണിത്. സിനിമയിലെ സുഹൃത്തുക്കൾ മദ്യപിച്ചാണ് ഗുണ സ്പോട്ടിലെത്തുന്നത്. ഇതാണ് ജയമോഹന്റെ ധാർമിക രോഷം ആളിക്കത്തിച്ചത്.

ഈ ചിത്രത്തെ മുൻനിർത്തി എഴുതിയ ബ്ലോഗിലാണ് ജയമോഹന്റെ വിങ്ങലുകൾ മാറ്റൊലി കൊള്ളുന്നത്.

ശേഷം – പേജ് 5 ▶▶

emalayalee.com The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial



# വീണിതല്ലോ കിടക്കുന്നു മിഡിൽ ഈസ്റ്റിൽ

പി പി മാത്യു

പരുഷമാണിത്, അംഗീകരിക്കാൻ ബുദ്ധിമുട്ടുമാണ്. എന്നാൽ സത്യം എങ്ങിനെ സത്യമല്ലാതാവും. ഗാസയിൽ അമേരിക്കയുടെ മിഡിൽ ഈസ്റ്റ് നയം വെറും പ്രഹസനമായി തരം താഴ്ന്നിരിക്കുന്നു. മനുഷ്യാവകാശവും മാനുഷിക മൂല്യങ്ങളും നിരന്തരം ഘോരഘോരം സംസാരിക്കുന്ന വൻ ശക്തി രാഷ്ട്രം അവിടെ പതിനായിരങ്ങൾ കൂട്ടക്കുരുതിക്ക് ഇരയാവുന്നതും പട്ടിണി കിടന്നു മരിക്കുന്നതും എന്തേ കണ്ടു നിൽക്കുന്നു. മനുഷ്യാവകാശവും മാനുഷിക മൂല്യങ്ങളും വിഷയമല്ലാത്ത ചൈനയോ റഷ്യയോ അല്ല അമേരിക്ക. അവയുടെയൊക്കെ കാവൽക്കാരനാണ്.

ഹമാസ് ഭീകരർ ഇസ്രയേലിൽ കടന്നു നടത്തിയ കൂട്ടക്കൊലയോ എന്ന ചോദ്യമുണ്ട്. അവിടെയും ഇസ്രയേലിന്റെ കാവൽക്കാരനായ അമേരിക്കയ്ക്ക് എന്തു കൊണ്ട് അതു തടയാൻ കഴിഞ്ഞില്ല എന്ന മറു ചോദ്യം ഉയരുന്നു. ഹമാസിന്റെ ഭീകര ആക്രമണവും അതിനു ഇസ്രയേലിന്റെ പ്രതികരണവും തുടർന്നു അഞ്ചു മാസത്തിലേറെയായി നടക്കുന്ന സംഭവ വികാസങ്ങളും വിരൽ ചൂണ്ടുന്നത് ഒരൊറ്റ വസ്തുതയിലേക്കാണ്: അമേരിക്കയുടെ അല്ലെങ്കിൽ ബൈഡൻ ഭരണകൂടത്തിന്റെ മിഡിൽ ഈസ്റ്റ് നയം പാടേ തകർന്നു.

ഇതാണോ അമേരിക്ക മിഡിൽ ഈസ്റ്റിൽ ചെയ്തിട്ടുള്ളത്. എണ്ണപ്പണത്തിൽ അഭിരമിക്കുന്ന ഗൾഫിലെ ഷെയ്‌ഖുമാർ മുതൽ മഹാദാരിദ്ര്യം അനുഭവിക്കുന്ന പലസ്തീൻകാർ വരെ ഇപ്പോഴും ഉറ്റുനോക്കിയിരുന്നത് വാഷിംഗ്ടണിലേക്കാണ്. ഹെൻറി കിസിംഗറെ പോലെ കരുത്തരായ നയതന്ത്ര വിദഗ്ധർ വിരൽ തുമ്പിൽ നിർത്തിയിരുന്ന ഒരു ഭൂപ്രദേശമാണ് മിഡിൽ ഈസ്റ്റ്. ആന്റണി ബ്ലിങ്കനൊന്നും അവിടെ തലക്കെട്ടുകൾ പോലും പിടിക്കുന്നില്ല. ഖത്തറും ഈജിപ്തും നടത്തുന്ന ചില ശ്രമങ്ങളെ യുഎസ് യുദ്ധവിരാമ ശ്രമങ്ങൾ എന്നു വിളിക്കുമ്പോൾ ലോകം നെറ്റിചുളിക്കുന്നത് അമേരിക്ക എന്തു ചെയ്തു എന്നാലോചിച്ചിട്ടാണ്.

യുഎസ് തിരഞ്ഞെടുപ്പിൽ ബൈഡന്റെ ഗാസ നയം വിഷയമായ മിഷിഗൺ പ്രതിഷേധ വോട്ടുകൾ കണ്ടപ്പോഴാണ് ഗാസയിലേക്കു കപ്പലിൽ ഭക്ഷണം എത്തിക്കുമെന്നും അതിനായി അവിടെ താത്കാലികമായി കപ്പലടുക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്നും ബൈഡൻ വാഗ്ദാനം ചെയ്തത്. അറബ് അമേരിക്കൻ പൗരന്മാർ പക്ഷെ അതിന്റെ വിശദാംശങ്ങൾ കേട്ട് ചിരിക്കുന്നുണ്ടാവും. ആ സംവിധാനത്തിന്റെ നിർമാണത്തിനു രണ്ടു മാസമെങ്കിലും സമയമെടുക്കുമെന്നും 1,000 സൈനികരുടെ അധ്വാനം വേണ്ടിവരുമെന്നും പെന്റഗൺ പറഞ്ഞു. ലക്ഷങ്ങൾ പട്ടിണിയിൽ കഴിയുന്ന ഭൂപ്രദേശത്തു ഭക്ഷണം എത്തിക്കാൻ രണ്ടു മാസമെങ്കിലും വേണമെന്നു പറയുമ്പോൾ ബൈഡന്റെ വാക്കുകൾക്കു എന്തു വിലയാണുള്ളത്.

കഴിഞ്ഞ ഞായറാഴ്ച ആരംഭിച്ച റമദാൻ കാലത്തു യുദ്ധവിരാമം നടപ്പിലായിരിക്കും എന്ന രീതിയിൽ ബൈഡൻ നടത്തിയ പ്രസ്താവനകളും അദ്ദേഹത്തിനു മുഖം നഷ്ടപ്പെടുന്ന രീതിയിൽ തിരിച്ചടിച്ചു. ഇസ്രയേലിനു റമദാൻ കാലം വിഷയമല്ല. അഭയാർഥികൾ തിങ്ങി നിറഞ്ഞ റഫയിൽ ഹമാസിന്റെ ഉന്നതർ ഒളിച്ചിരിപ്പുണ്ടെന്നും അവിടെ ബന്ദികൾ ഉണ്ടെന്നുമുള്ള നിഗമനത്തിൽ അവിടെ ആക്രമണത്തിന് ഒരുങ്ങുകയാണ് അവർ. അതിനെ തടയാനോ മാറ്റി വയ്ക്കാൻ ആവശ്യപ്പെടാനോ അമേരിക്ക തയാറല്ല എന്നു മാത്രമല്ല, രഹസ്യമായി ആക്രമണത്തിനു പച്ചക്കൊടി കാട്ടി എന്ന റിപ്പോർട്ടുമുണ്ട്.

ചുരുക്കി പറഞ്ഞാൽ ഗാസയിൽ എന്ത് ചെയ്യാൻ ഇസ്രയേൽ തീരുമാനിച്ചാലും അതു തടയാവുന്ന ഒരു നടപടിയും അമേരിക്കയുടെ ഭാഗത്തു നിന്ന് ഉണ്ടാവുന്നില്ല. യുദ്ധം എന്തായാലും ഭക്ഷണവും മറ്റു അടിയന്തര ആവശ്യങ്ങളും എത്തിക്കുമെന്ന വാഗ്ദാനം വെറും ജലരേഖയായി മാറുമ്പോൾ അറബ് വംശജർക്കു പുറമെ ഇടതു പക്ഷ ചായ്‌വുള്ള പ്രസ്ഥാനങ്ങളും ബൈഡന്റെ നയത്തിനെതിരെ സംഘടിക്കുന്ന അവസ്ഥയിലേക്കു കാര്യങ്ങൾ നീങ്ങുന്നു. തിരഞ്ഞെടുപ്പിൽ എണ്ണമറ്റ പ്രതികൂല ഘടകങ്ങളുള്ള പ്രസിഡന്റിന് ഇതും കെണിയാവും എന്നാണ് കരുതേണ്ടത്.

യൂറോപ്യൻ യൂണിയനും മിഡിൽ ഈസ്റ്റിലെ പ്രബല ഗൾഫ് രാജ്യങ്ങളും ഉൾപ്പെട്ട ഒരു സഖ്യം ഗാസയിൽ ഭക്ഷണം എത്തിക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞു. സൈപ്രസിൽ നിന്നു ഗാസയിലേക്കു പുറപ്പെട്ട കപ്പൽ അവിടെ എത്താറായി. അതൊരു തുടക്കമെങ്കിലുമാണ്. അമേരിക്ക എന്ത് ചെയ്തു? താത്കാലിക പിയർ പണിയാൻ ഗാസയുടെ തീരത്തിനടുത്തു യുഎസ് സൈനികർ എത്തുന്നത് തെല്ലും ആശാസ്യവുമല്ല. ഹമാസും ഇറാനും ഉൾപ്പെടെ അമേരിക്കയുടെ മേഖലയിലെ ശത്രുക്കൾക്കു എത്തിപ്പിടിക്കാൻ ബുദ്ധിമുട്ടുള്ള ഇടമല്ല അത്.

റഫയിൽ ആക്രമണം തുടങ്ങും മുൻപു ഇസ്രയേൽ അവിടത്തെ ജനങ്ങളെ ഗാസയിൽ തന്നെ 'മാനുഷിക ദ്വീപുകളിലേക്കു' മാറ്റുമെന്ന് ടെൽ അവീവ് പറയുന്നതും കെണിയാണെന്ന നിഗമനത്തിലാണ് അറബ് ലോകം. പതിനാലു ലക്ഷത്തോളം അഭയാർഥികളെ അവിടങ്ങളിൽ സുരക്ഷിതരായി പാർപ്പിക്കും എന്നാണ് ഇസ്രയേലി സേനയുടെ വാഗ്ദാനം.

അങ്ങിനെയൊരു നീക്കം അറിയിച്ചതോടെ ബൈഡൻ അതിനു അനുമതി നൽകിയെന്നു 'പൊളിറ്റിക്കോ' റിപ്പോർട്ട് ചെയ്തു.

വടക്കൻ ഗാസയിൽ ഹമാസിനെ കണ്ടെത്തി തീർക്കാമെന്നു കരുതി ഇസ്രയേൽ തെക്കോട്ടു ഓടിച്ചവരാണ് ഈ ലക്ഷങ്ങൾ. ഹമാസിനെ തീർക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നടക്കാതെ വന്നപ്പോൾ ഇനി തെക്കും ആക്രമണം കടുപ്പിച്ചേ തീരൂ എന്നായി. അപ്പോൾ വടക്കു നിന്നുവന്ന അഭയാർഥികളെ അവിടന്ന് മാറ്റാമെന്ന് ഇസ്രയേൽ വാക്കു നൽകുന്നു. വാക്ക് പാലിക്കുന്ന ശീലമില്ല എന്ന കാര്യം അവിടെ നിൽക്കട്ടെ.

റഫയിലും അൽ മവാസിയിലും നിരവധി കൂടാരങ്ങളിലാണ് അഭയാർഥികൾ കഴിയുന്നത്. അതു പോലെ കൂടാരങ്ങൾ നിർമിച്ചു അവരെ മധ്യ ഗാസയിലേക്കു മാറ്റും എന്നാണ് വാഗ്ദാനം. എന്നാൽ ഒക്ടോബർ 7നു ശേഷം 31,000 ലധികം പേരെ ഗാസയിൽ കൊന്നൊടുക്കിയ ഇസ്രയേൽ വെറും വാക്ക് പറയുന്നതാണ് എന്നതാണ് പലസ്തീൻകാരുടെ വിശ്വാസം. അനുഭവത്തിന്റെ പാഠമാണത്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# ജയമോഹൻ സാറിന് പിടിക്കാത്ത 'മഞ്ഞുമ്മൽ ബോയ്സും' മലയാളികളുടെ ചെറ്റത്തരവും

3-ാം പേജ് തുടർച്ച...

യഥാർത്ഥ സംഭവമായതുകൊണ്ട് മഞ്ഞുമ്മൽ ബോയ്സ് ജയമോഹനെ അലോസരപ്പെടുത്തിയത്രേ. വിനോദ സഞ്ചാരത്തിന് ഊട്ടിയിലും കൊടൈക്കനാലിലും എത്തുന്ന മലയാളികളുടെ വാഹനങ്ങളുടെ ഇരുവശത്തും ഛർദിലാണെന്നും സുഭാഷിനെ രക്ഷിച്ച സിജുവിന് അവാർഡ് കൊടുക്കുന്നതിനു പകരം ജയിലിലിടുകയായിരുന്നു വേണ്ടതെന്നും ജയമോഹൻ സഹിക്കവയ്യാതെ പറയുന്നു.

''തെന്നിന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന മലയാളികളുടെ യഥാർഥ മനോനില തന്നെയാണ് സിനിമയിലും ഉള്ളത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാത്രമല്ല കാടുകളിലേക്കും അവർ എത്താറുണ്ട്. അത് മദ്യപിക്കാനും

ഓക്കാനിക്കാനും മറിഞ്ഞ് വീഴാനും വേണ്ടി മാത്രമാണ്. മറ്റൊന്നിലും അവർക്ക് താൽപര്യമില്ല. സാമാന്യബോധമോ സാമൂഹികബോധമോ അവരെ തൊട്ടു തീണ്ടിയിട്ടില്ല. ഊട്ടിയിലും കൊടൈക്കനാലിലും കുറ്റാലത്തുമൊക്കെ മലയാളികളായ മദ്യപാനികൾ പൊതുനിരത്തിൽ മോശമായി പെരുമാറുന്നത് ഞാൻ ചുരുങ്ങിയത് പത്ത് തവണയെങ്കിലും കണ്ടിട്ടുണ്ട്...'' ജയമോഹൻ കുറ്റപ്പെടുത്തി.

''സിനിമയിലുള്ളതുപോലെ കുടിച്ചശേഷം മദ്യക്കുപ്പികൾ റോഡിലെറിഞ്ഞ് പൊട്ടിക്കും. സംശയമുണ്ടെങ്കിൽ ചെങ്കോട്ട-കുറ്റാലം റോഡോ കൂടല്ലൂർ-ഊട്ടി റോഡോ പരിശോധിച്ചാൽ മതി. വഴിനീളെ പൊട്ടിയതും പൊട്ടാത്തതുമായ കുപ്പികൾ കാണാം. ഇത്തരം കാര്യങ്ങൾ അവർ അഭിമാനത്തോടെ സിനിമയിൽ കാണിക്കുകയും ചെയ്യുന്നു. ആ പടത്തിൽ കാണിക്കുന്നത് തനി ചെറ്റത്തരം തന്നെയാണ്. മദ്യപിച്ച് പൊതുയിടത്തിൽ ലഹളയുണ്ടാക്കുക, മദ്യപിച്ച് കുഴിയിൽ വീഴുക, വേറൊരു മദ്യപൻ അതിനെ പൊക്കിയെടുത്ത് കൊണ്ടുവരുക. ഇതൊന്നും ധീരതയല്ല. ആ പടത്തിൽ കാണിക്കുന്ന പയ്യൻമാർക്ക് എന്തെങ്കിലും രാഷ്ട്രീയമോ കലയോ ചരിത്രബോധമോ ഉണ്ടോ..? മദ്യമൊഴികെ എന്തിനെയെങ്കിലും കുറിച്ച് അവർ സംസാരിക്കുന്നുണ്ടോ..? മദ്യപൻമാർക്കിടയിലുള്ള സൗഹൃദമല്ല യഥാർഥ സൗഹൃദം. ക്രിമിനൽസിനിടയ്ക്കും അത്തരം സൗഹൃദമുണ്ട്. അങ്ങനെ സ്വയം മദ്യപൻമാരെന്ന് മലയാളികൾ പ്രഖ്യാപിച്ചാൽ അങ്ങനെയല്ല എന്ന് ഞാൻ പറയും...'' ഇതൊക്കെയാണ് ബ്ലോഗിലെ പ്രസക്ത ഭാഗങ്ങൾ.

എന്നാൽ യഥാർത്ഥ ഗുഹയിൽ വീണ സുഭാഷ് ഉൾപ്പെടെയുള്ള റിയൽ മഞ്ഞുമ്മൽ ബോയ്സിനുമുണ്ട് പറയാൻ കാര്യങ്ങൾ...''നെഗറ്റീവ് കമന്റ് പറയുന്നവർക്ക് അറിയില്ല, എന്താണ് മഞ്ഞുമ്മൽ ബോയ്സ് എന്ന്. അത് കൃത്യമായിട്ട് ഇതിൽ കാണിക്കുന്നുണ്ട്. മരിച്ചു എന്നാണ് ഞാൻ കരുതിയത്. കൂട്ടുകാരുടെ ഒച്ച കേൾക്കുന്നുണ്ട്, പക്ഷെ മരിച്ചു കഴിഞ്ഞ ഞാൻ എന്തിന് പ്രതികരിക്കണം എന്ന അവസ്ഥയായിരുന്നു. ആ അപകടത്തിന് ശേഷം മൂന്ന് വർഷം കഴിഞ്ഞ്, പല ചികിത്സകളും നടത്തിയ ശേഷമാണ് സാധാരണ ജീവിതത്തിലേക്ക് എത്തിയത്...'' സുഭാഷ് പറഞ്ഞു. മഞ്ഞുമ്മൽ ബോയിസ് എന്ന സിനിമ കണ്ട ഹാങ് ഓവറിൽ ആയിരിക്കും ഇപ്പോഴും ചിലർ. കൂട്ടുകാർക്കൊപ്പം ടൂറിന് പോകാൻ ഒരുപാട് ഇഷ്ടപ്പെടുന്നവരാരും ഈ സിനിമ മിസ്സ് ചെയ്യരുത് എന്നാണ് ചിത്രം കണ്ടവരുടെ അഭിപ്രായം. സൗഹൃദത്തിന്റെയും, ആത്മവിശ്വാസത്തിന്റെയുമൊക്കെ കഥയാണ് മഞ്ഞുമ്മൽ ബോയിസ് എന്ന ചിത്രം പറയുന്നത്.



**മഞ്ഞുമ്മൽ ബോയ്സിലെ കഥാപാത്രങ്ങളെല്ലാം പെയിന്റ് പണിക്കാരോ മീൻ വെട്ടുകാരോ ആയ സാധാരണക്കാരാണ്. ആറാം തമ്പുരാന്റെ വംശപരമ്പരയിൽ നിന്ന് ആരുമില്ല കയ്യിൽ ചരടുകെട്ടിയവരുമില്ല. പണിയെടുക്കുന്നവർക്കിടയിലെ ആത്മ ബന്ധമാണ് ചിദം കാണിച്ചത്. അത് സംഘപരിവാരത്തിന് ദഹിക്കാത്തതിൽ അത്ഭുതമില്ല..." സംവിധായകൻ ചിദംബരത്തിന്റെ പിതാവും സംവിധായകനും നടനുമായ സതീഷ് പൊതുവാൾ, ഫേസ്ബുക്കിൽ എഴുതിയ കുറിപ്പിൽ ജയമോഹനെ ശക്തമായി വിമർശിക്കുന്നു.**

''മഞ്ഞുമ്മൽ ബോയ്സിലെ കഥാപാത്രങ്ങളെല്ലാം പെയിന്റ് പണിക്കാരോ മീൻ വെട്ടുകാരോ ആയ സാധാരണക്കാരാണ്. ആറാം തമ്പുരാന്റെ വംശപരമ്പരയിൽ നിന്ന് ആരുമില്ല കയ്യിൽ ചരടുകെട്ടിയവരുമില്ല. പണിയെടുക്കുന്നവർക്കിടയിലെ ആത്മ ബന്ധമാണ് ചിദം കാണിച്ചത്. അത് സംഘപരിവാരത്തിന് ദഹിക്കാത്തതിൽ അത്ഭുതമില്ല...'' സംവിധായകൻ ചിദംബരത്തിന്റെ പിതാവും സംവിധായകനും നടനുമായ സതീഷ് പൊതുവാൾ, ഫേസ്ബുക്കിൽ എഴുതിയ കുറിപ്പിൽ ജയമോഹനെ ശക്തമായി വിമർശിക്കുന്നു.

പല മലയാള ചിത്രങ്ങളെയും പോലെ ലഹരി ആസക്തിയെ സാമാന്യവത്കരിക്കുന്ന ചിത്രമാണ് 'മഞ്ഞുമ്മൽ ബോയ്സ്...' എന്നാണ് ജയമോഹൻ കുറിച്ചത്. എന്നാൽ മലയാളികളെല്ലാം ലഹരിക്കടിമപ്പെട്ട സാമൂഹിക വിരുദ്ധരാണെന്ന സാമാന്യവൽക്കരണത്തിന്റെ ധ്വനി ജയമോഹന്റെ വാക്കുകളിലുണ്ട്. മലയാളികളിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുണ്ട്. കൊലപാതകികളും മോഷണക്കാരും സ്ത്രീകളെ പീഡിപ്പിക്കുന്നരുമുണ്ട്. ഉദ്യോഗസ്ഥ-രാഷ്ട്രീയ അഴിമതിക്കാരുണ്ട്. ഇങ്ങനെ എല്ലാ ലോകരാജ്യങ്ങളിലുമുള്ളപോലെ എല്ലത്തരം കുറ്റങ്ങൾ ചെയ്യുന്നവർ കേരളത്തിലുമുണ്ട്. പക്ഷേ ലോകം കീഴടക്കിയവരാണ് മലയാളികൾ. അതിൽ കുപ്രസിദ്ധി നേടിയവരുമുണ്ട്...അതല്ലേ യാഥാർത്ഥ്യം.

പല സിനിമകളും ഭാവനാ സൃഷ്ടികളാണ്. യഥാർത്ഥ സംഭവങ്ങളും വെള്ളിത്തിരയിൽ ആവിഷ്കരിക്കപ്പെടാറുണ്ട്. അത് സിനിമയിലായാലും സാഹിത്യത്തിലായാലും കാലാകാലങ്ങളായി ലോകത്തെ കലാ-സാഹിത്യ പ്രതിഭകൾ അനുവർത്തിക്കുന്ന രചനാ രീതികളാണ്. നമുക്കു ചുറ്റും അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കത്തന്നെയാണ് പുസ്തകരൂപത്തിലും ചലചിത്ര രൂപത്തിലുമൊക്കെ ആസ്വാദകരുടെ മനസിലേയ്ക്ക് പുനർവിചിന്തനത്തിനായി നിക്ഷേ

പിച്ചുകൊണ്ടിരിക്കുന്നത്. സാഹിത്യകാരനായ ബി ജയമോഹനും ഇതിൽ നിന്ന് ഒട്ടും വ്യത്യസ്തനല്ല. ആരും നൂലിൽ നിന്ന് ഭൂമിയിലേയ്ക്കിറങ്ങി വന്നവരുമല്ല. ഒരു സാമൂഹിക തിൻമയെ വായന-കാഴ്ച തുടങ്ങിയ മാധ്യമങ്ങളിലൂടെ പുനരാവിഷ്കരിച്ചാൽ അതിനെ ''ചെറ്റത്തരം'' എന്ന് വിശേഷിപ്പിക്കുന്നവരുടെ പുങ്കത്തരവും ധാർഷ്ട്യവുമാണ് വാസ്തവത്തിൽ ഓക്കാനമുണ്ടാക്കുന്നത്.

''ഓൾ മഞ്ഞുമ്മൽ ബോയ്സ്... ടേക്ക് കെയർ...''


FOMAA 2024-2026
UNITY OUR STRENGTH
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU MATHEW PUNNOOSE
for Vice Preasident
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
A TEAM WITH EXPERIENCE / INTEGRITY / COMMITMENT
DEDICATION / INNOVATION & DIVERSITY

# പ്രകാശം പരത്തുന്ന കർമ്മപാതയുമായി അനുപമ കൃഷ്ണൻ ഫോമാ നേതൃത്വത്തിലേക്ക്

സ്റ്റേഡിയം, പാർക്കിംഗ് ലോട്ട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രകാശം ചൊരിയുന്ന വലിയ ബൾബുകൾ നിർമ്മിക്കുന്ന കമ്പനിയുടെ ഗ്ലോബൽ സപ്ലൈ ചെയിൻ ഡയറക്ടർ ആണ് അനുപമ കൃഷ്ണൻ. ജി.ഇ., ഫിലിപ്പ്സ് പോലുള്ള അന്താരാഷ്ട്ര ഭീമന്മാരാണ് മുഖ്യ എതിരാളികൾ. എന്നാലും ഭർത്താവ് സാബു കൃഷ്ണനൊപ്പം ചുക്കാൻ പിടിക്കുന്ന ഈ സ്വന്തം സ്ഥാപനം നേട്ടങ്ങൾ ഉണ്ടാക്കുന്നു.

ഫോമായിൽ ജോ. ട്രഷറർ സ്ഥാനത്തേക്ക് ബേബി മണക്കുന്നേൽ പാനലിനൊപ്പം മത്സരിക്കുന്ന അനുപമക്ക് മത്സരം ഒരു പുത്തരിയല്ലെന്നർത്ഥം.

അതെ സമയം സേവനരംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഫോമാ പോലുള്ള ഒരു ദേശീയ സംഘടന കൂടുതൽ അവസരങ്ങൾ ഒരുക്കുന്നു എന്ന തിരിച്ചറിവിലാണ് അവർ സംഘടനയിലും മത്സരരംഗത്തും എത്തിയത്.

ക്ളീവ്‌ലൻഡ്, ഒഹായോ കേന്ദ്രമായി പ്രവർത്തിക്കുന്ന അനുപമ ചില അനുഭവങ്ങൾ പങ്കു വച്ചു. കോവിഡ് കാലത്ത് ഒരു സുഹൃത്തിന്റെ പിതാവ് മരിച്ചു. മൃതദേഹം നാട്ടിൽ കൊണ്ട് പോകണം. വര്ഷങ്ങള്ക്കു മുൻപി ചിക്കാഗോയിൽ ആയിരുന്നപ്പോൾ ഇതുപോലൊരു സംഭവം ഉണ്ടായപ്പോഴുള്ള പ്രശ്നങ്ങൾ ഓർത്തു. അതുണ്ടാവാതിരിക്കാൻ ഫോമായുമായി ബന്ധപ്പെട്ടു. ബിജു തോണിക്കടവിൽ ചിക്കാഗോയിലുള്ള പീറ്റർ കുളങ്ങരയെ വിളിക്കാൻ പറഞ്ഞു. വേണ്ട വിവരങ്ങളെല്ലാം പീറ്റർ നൽകി. കാര്യങ്ങൾ എളുപ്പമായി.

ഇത്തരമൊരു സംഘടനയിലാണ് പ്രവർത്തിക്കേണ്ടതെന്നു അതോടെ തീർച്ചപ്പെടുത്തി. കേരള അസോസിയേഷൻ ഓഫ് ഒഹായോ (കെ.എ.ഓ) പ്രസിഡന്റ് എന്ന നിലയിൽ സമൂഹത്തിന്റെ വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്താനും അവക്ക് തന്നാലായ പരിഹാരം കണ്ടെത്താനും ഉള്ള പ്രവർത്തനങ്ങൾ ആണ് ഒരു കേന്ദ്ര സംഘടനയിൽ പ്രവർത്തിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിയത്.

നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കാനും സഹായം നൽകാനും ഒക്കെ തയ്യാറുള്ളവർ ധരാളമുണ്ടെന്നും എന്നാൽ അവർക്ക് എങ്ങനെ എവിടെ അത് ചെയ്യണമെന്ന് ധാരണയില്ലാത്തത് ഒരു പ്രശ്നമാണെന്നും അവർ കണ്ടെത്തി.



സാമൂഹ്യനീതിക്ക് വേണ്ടി വാദിക്കുകയും അതിൽ വ്യക്തമായ മാറ്റമുണ്ടാക്കുകയും ചെയ്തതിനു അനുപമയ്ക്ക് ഒരു ട്രാക്ക് റെക്കോർഡുണ്ട്.

കമ്പനി ബോർഡ് റൂമിൽ മാത്രമല്ല, ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സണെന്ന നിലയിലും തന്റെ സമയവും വൈദഗ്ധ്യവും ഉപയോഗിച്ചു സ്ത്രീകളെ ഉന്നതിയിലേക്ക് നയിക്കാനും ശാക്തീകരിക്കാനും അവർ മുന്നിലുണ്ടായിരുന്നു. ഇതിനായി വിവിധ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു. കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ പ്രസിഡന്റായും (2023) അതിനു മുൻപ് വൈസ് പ്രസിഡന്റായും സജീവമായ സാമൂഹിക ഇടപെടുകളിലൂടെ സ്വന്തം പ്രതിബദ്ധത അടയാളപ്പെടുത്തുകയും ചെയ്തു.

സാമൂഹിക പ്രവർത്തനങ്ങളിൽ ഏറെ പ്രാധാന്യം നൽകിയത് മാനസികാരോഗ്യത്തെപ്പറ്റി അവബോധം ഉണ്ടാക്കാനാണ്. മാനസിക രോഗത്തിന് ചികില്സിക്കുന്നത് നാട്ടുകാരറിഞ്ഞാൽ മോശമാണെന്ന തോന്നൽ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്. അമേരിക്കയിൽ വന്നിട്ടും അതിനു ഏറെ മാറ്റമില്ല. എന്നാൽ ഇവിടെ മാനസിക പ്രശ്നങ്ങൾ ഉള്ളവർക്കായി സപ്പോർട്ട് സിസ്റ്റം ഉണ്ട്. കൗൺസലർമാരും ചികിത്സയും മറ്റും ഉണ്ട്. നാട്ടുകാരെ പേടിക്കാതെ ജനം അത് ഉപയോഗിക്കുകയും ചെയ്യുന്നു.

അസോസിയേഷൻ പ്രസിഡൻറായിരിക്കുമ്പോൾ, സമൂഹത്തിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, മാനസിക ക്ഷേമത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള വീഡിയോ കാമ്പെയ്ൻ ആരംഭിക്കാൻ അവർ മുന്നിട്ടിറങ്ങി.

ഡോക്ടർമാരെയും മറ്റും നാം ആദരിക്കുന്നുണ്ടെങ്കിലും കെയർ ഗിവർമാരെ നാം പാടെ അവഗണിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. രോഗികൾക്ക് നേരിട്ട് സേവനമെത്തിക്കുന്നത് അവരാണ്. അവരും ഏറെ ആദരിക്കപ്പെടേണ്ടതാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

കോഴിക്കോട്ടുകാരി എങ്കിലും പഠിച്ചത് ബാങ്കളൂരിൽ ആയിരുന്നു. അതിനാൽ മലയാളം എഴുതാനും വായിക്കാനും പ്രയാസം. പിതാവ് ആർമി ഓഫീസർ ആയിരുന്നു. അമ്മ സെൻട്രൽ ഗവണ്മെന്റിന്റെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ


MALABAR
GOLD & DIAMONDS
SPECTACULAR
SPRING
Shine brighter this season
with dazzling offers from
Malabar Gold & Diamonds
RECEIVE
$75 DIAMOND VOUCHER
with every diamond or studded
jewellery purchase worth $1,000
Terms & conditions apply.
Celebrate the season of new beginings with us
Valid till 31st March, 2024
NEW JERSEY - 1348 OAK TREE ROAD, ISELIN NJ - 08830, TEL: 732 283 0916 | DALLAS - 5811 PRESTON ROAD, FRISCO TX - 75034, TEL: 945 260 0650 | CHICAGO - 2652 W. DEVON AVE, CHICAGO IL - 60659, TEL: 773 465 5755
OPENING SOON IN NAPERVILLE, LOS ANGELES & ATLANTA
Shop 24/7 at www.malabargoldanddiamonds.com
OVER 340 BRANCHES SPREAD ACROSS 13 COUNTRIES

ഉദ്യോഗസ്ഥ. സഹോദരി പൂർണിമ ഹ്യൂസ്റ്റണിലുണ്ട്.

പിതാവ് നേരത്തെ മരിച്ചതിനാൽ അമ്മയായിരുന്നു റോൾ മോഡൽ. മറ്റുള്ളവരെ സഹായിക്കാൻ മാതൃകയും അമ്മയായിരുന്നു.

ലൈറ്റിംഗ് ടെക്നോളജി മേഖലയിൽ സ്വന്തം കമ്പനിയുള്ള സാബു കൃഷ്ണനാണ് ജീവിതപങ്കാളി.

ഊർജ്ജസ്വലമായ വ്യക്തിത്വമാണ് അനുപമ കൃഷ്ണനെ വ്യത്യസ്തയാക്കുന്നത്. ഒരുവട്ടം അവരോട് സംസാരിക്കുമ്പോൾ തന്നെ അത് വ്യക്തമാകും. ഏറ്റെടുക്കുന്ന കാര്യങ്ങളിലൊക്കെ ഉന്നതമായ സാംസ്കാരിക പാരമ്പര്യവും ശക്തമായ പ്രവർത്തന നൈതികതയും (വർക്ക് എത്തിക്ക്സ്) കാത്തുസൂക്ഷിക്കുന്ന അവർ 1998-ൽ ഒഹായോയിലെത്തി.

ഏർപ്പെടുന്ന മേഖലയിൽ വൈദഗ്ധ്യത്തോടെ തിളങ്ങുന്ന അനുപമയുടെ അക്കാഡമിക് നേട്ടങ്ങളിൽ ഇന്റർനാഷണൽ ബിസിനസ്സിൽ എം.ബി.എയും ഉൾപ്പെടുന്നു. ജോലിയിൽ മാതൃകാപരമായ നേതൃത്വവും അക്ഷീണമായ അർപ്പണബോധവും പ്രകടിപ്പിക്കുന്ന അവർ നൂതനാശയങ്ങളും കൊണ്ടുവരുന്നു.

എല്ലാവരുടെയും ശബ്ദം കേൾക്കുകയും എല്ലാവർക്കും ഊണ് മേശയിൽ ഒരു സ്ഥാനം നൽകുകയും ചെയ്താലേ സാമൂഹിക ഉന്നമനം സാധ്യമാകു എന്നവർ കരുതുന്നു. എല്ലാവരും വലിപ്പചെറുപ്പമില്ലാതെ ഒന്നിക്കുകയും എല്ലാ ശബ്ദങ്ങളും കേൾക്കുകയും വിലമതിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ പുരോഗതി ഉണ്ടാവുക എന്നാണ് അനുപമയുടെ വിശ്വാസവും നിലപാടും.

കെ.എ.ഒ. പ്രസിഡന്റായിരിക്കെ, ഓണാഘോഷവേളയിൽ യുവാക്കൾ നടത്തിയ സന്നദ്ധപ്രവർത്തനങ്ങളെ അവർ വിലയിരുത്തുകയും പ്രത്യേകം അംഗീകരിക്കുകയും ചെയ്തിരുന്നു.

കേരള പൈതൃകത്തിന്റെ സമ്പന്നമായ പാരമ്പര്യങ്ങൾ പങ്കിടാനുള്ള ആഗ്രഹം മൂലം അവർ അടുത്തിടെ ഒരു റിട്ടയർമെന്റ് ഹോമിൽ കേളത്തനിമയുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു. അത് ഏറെ ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തു.








ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, കമ്മ്യൂണിറ്റികൾ എന്നിവയ്ക്കിടയിൽ പരമാവധി സ്വാധീനം ചെലുത്താനും അവർക്കായി സമയം മാറ്റിവച്ചുള്ള പരിശ്രമങ്ങൾ വിപുലീകരിക്കാനും അവരെ മുന്നോട്ട് കൊണ്ടു വരുന്നതിലുമാണ് അനുപമ വിശ്വസിക്കുന്നത്.

കുട്ടികളിലെ കാൻസറിനെതിരെ പോരാടുന്ന ദ പ്രയേഴ്സ് ഫ്രം മരിയ ഫൗണ്ടേഷൻ എന്ന പ്രാദേശിക സംഘടനയ്ക്കായി അവർ ധനസമാഹരണ പരിപാടി വിജയകരമായി സംഘടിപ്പിച്ചു. KAO യുടെ പിക്നിക് വഴി തുക സമാഹരിച്ചും ഫൗണ്ടേഷന് നൽകി. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു വ്യക്തിയുടെ ചികിത്സാ ചെലവുകൾക്ക് വേണ്ടി ജയകരമായ ക്രൗഡ് ഫണ്ടിംഗ് കാമ്പെയ്ൻ സംഘടിപ്പിക്കാനും അനുപമ മുന്നോട്ടു വന്നു.

ഇന്ത്യയിലെ sഹsര വില്ലേജസ് എന്ന സ്ഥാപനത്തിന് വേണ്ടി ഫണ്ട് കണ്ടെത്താനുള്ള ശ്രമത്തിലാണ് ഇപ്പോൾ അനുപമ. സഹജീവികളോടുള്ള അഗാധമായ സഹാനുഭൂതിയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ ഉയർത്താനുള്ള ആഗ്രഹവും തന്നെ അതിനു പിന്നിൽ .

കലാരംഗത്തും അവരുടെ താല്പര്യം ശ്രദ്ധേയമാണ്. ക്ലീവ്ലാൻഡിലെ റെഡ് കോട്ട് സന്നദ്ധപ്രവർത്തകയായി

പ്ലേഹൗസ് സ്ക്വയറിൽ അനുപമയെ കാണാം. വൈവിധ്യമാർന്ന വ്യക്തികളുമായി ബന്ധപ്പെടാൻ റെഡ്കോട്ടായി സന്നദ്ധസേവനം ചെയ്യുന്നത് തനിക്ക് അവസരം നൽകുന്നുവന്നവർ ചൂണ്ടിക്കാട്ടുന്നു.

വായന, സംഗീതം, യാത്ര, സിനിമ എന്നിവയിലൊക്കെ ആനന്ദം കണ്ടെത്തുന്ന അനുപമ ടെന്നീസിൽ സജീവമാണ്. 10ഗ റൺ, ഹാഫ് മാരത്തൺ എന്നിവയിലും അനുപമ കായികക്ഷമത കാട്ടുന്നു. ആരോഗ്യപരിപാലനത്തിനു താൻ ഏറെ പരിഗണന കൊടുക്കുന്നുവന്നവർ പറഞ്ഞു.

മികവ്, സമഗ്രത, അനുകമ്പ എന്നിവ കൈമുതലായുള്ള പ്രവർത്തനത്തിലൂടെ ലോകത്തിൽ പോസിറ്റീവ് ആയ ചലനം സൃഷ്ടിക്കാൻ അവർ ആഗ്രഹിക്കുന്നു.



FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
FOKANA's 21st
National Convention
2024
July 18 to 20
Venue: Montgomery County Conference Center,
5701 Marinelli Rd, North Bethesda, MD 20852
We invite you to be a part of this historic event by taking advantage of our early bird registration fees:
- Family (2 adults and kids): $999
- 2 Adults: $699
- Individual: $599
Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:
- Family (2 adults and kids): $1499
- 2 Adults: $1099
- Individual: $899
ONE FOKANA Forever
DR. BABU STEPHEN
President
DR. KALA SHAHI, MD.PHD
General Secretary
MR. BIJU JOHN
Treasurer
JOHNSON THANKACHAN
Convention Chair
Kala Shahi
Secretary
2023598427
Biju John
Treasurer
(516) 445-1873
Johnson Thankachan
Convention Chair
8049311265

# മലയാളിക്ക് അഭിമാനം




## ന്യൂയോർക്ക് സിറ്റി തിയേറ്ററിൽ മാർച്ച് 31 വരെ ഡോ. കലാമണ്ഡലം ജോണിന്റെ ലൈവ് പെർഫോമൻസ്

മാത്യുക്കുട്ടി ഈശോ




ന്യൂയോർക്ക്: മലയാളികളുടെ പൈതൃക കലാരൂപമായ കഥകളിക്ക് ന്യൂയോർക്കിലും അംഗീകാരം. മലയാളികൾക്ക് അഭിമാനിക്കാവുന്ന സുവർണ്ണ നിമിഷങ്ങളാണ് മാർച്ച് 15 മുതൽ 31 വരെയുള്ള രണ്ടാഴ്ചക്കാലം പത്ത് കഥകളി കലാവതരണത്തിലൂടെ ന്യൂയോർക്കിലെ ബ്രോഡ് വേ ഷോയ്ക്ക് തത്തുല്യമായ തിയേറ്റർ ഫോർ ദി ന്യൂ സിറ്റി (Theater For The New City, 155 First Avenue, New York, NY 10003) തിയേറ്ററിൽ അരങ്ങേറുന്നത്. ലൈവ് പെർഫോമൻസ് ആർട്ട് ഗണത്തിൽപ്പെടുത്തി കഥകളി എന്ന കലാരൂപം ബൈബിളിൽ പ്രതിപാദിക്കുന്ന മോശയുടെ കാലത്ത് ജീവിച്ചിരുന്ന ഈജിപ്ഷ്യൻ രാജാവ് ഫറവോൻറെ ജീവിതവുമായി കോർത്തിണക്കി അവതരിപ്പിക്കുന്ന മനോഹരമായ പ്രകടനമാണ് ഡോ. കലാമണ്ഡലം ജോൺ കാഴ്ചവെക്കുന്നത്.


തിയേറ്റർ പ്രകടനങ്ങളുടെ കലാകാരനായ യഹൂദ വംശജൻ മിഷാ ഷൽമാൻ (Misha Shulman) എന്ന ആർട്ടിസ്റ്റാണ് പ്രസ്തുത കലാവതരണത്തിന്റെ തിരക്കഥാകൃത്ത്. കഥകളി അവതരണത്തിൽ വേഷം കെട്ടി മുദ്രകൾ അവതരിപ്പിക്കുന്ന കലാകാരൻ പിന്നണിയിൽ പാടുന്ന ഗാന ശകലത്തിന് നൃത്തച്ചുവടുകൾ വയ്ക്കുന്ന അതേ രൂപത്തിലാണ് മിഷാ ഷൽമാൻ





ഇംഗ്ലീഷിൽ പിന്നണിയിൽ നിന്ന് കഥയുടെ സംഭാഷണം പറയുമ്പോൾ ജോൺ കഥകളി നൃത്തച്ചുവടുകൾ വയ്ക്കുന്നത്.

2008-ൽ കേരളത്തിലെ മൂഴിക്കുളം എന്ന കൊച്ചു ഗ്രാമം സന്ദർശിക്കുവാനിടയായ മിഷാ ഷൽമാൻ ഏകദേശം പതിനഞ്ചു ദിവസത്തോളം അവിടെ താമസിച്ച് സംസ്കൃത ഭാഷയിൽ ചിട്ടപ്പെടുത്തിയ പദ്യങ്ങളുടെ അകമ്പടിയോടെ

## Pharaoh Performed by Kalamandalam John, Chuty Kalatharangini Mary John March 14 to 31 at Theater For The New City New York






അവതരിപ്പിക്കപ്പെട്ട കൂടിയാട്ടവും കഥകളിയും കാണുവാനിടയായി. പ്രസ്തുത കലാരൂപങ്ങളും അവയുടെ അവതരണ ശൈലിയും മിഷായേ വളരെയധികം ആകർഷിച്ചു. സാധാരണ കഥകളി അവതരണത്തിൽ രാമായണത്തിലെയോ മഹാഭാരതത്തിലെയോ കഥകളെ ആസ്പദമാക്കിയാണ് പദ്യം ചിട്ടപ്പെടുത്തുന്നത്. കഥകളിയിൽ അവതരിപ്പിക്കപ്പെട്ട രാമായണത്തിലെ വില്ലൻ കഥാപാത്രമായ രാവണൻ സീതാദേവിയെ തട്ടിക്കൊണ്ടുപോകുന്ന കഥ മനസ്സിലാക്കുവാൻ സാധിച്ച മിഷയ്ക്ക് രാവണൻ എന്ന കഥാപാത്രത്തിൻറെ സ്വഭാവവുമായി ബൈബിളിലെ മോശയുടെ കാലത്തെ ഫറവോൻ ചക്രവർത്തിയുടെ സ്വഭാവത്തിന് സാമ്യം തോന്നി. അന്ന് മുതൽ ഫറവോൻ രാജാവിന്റെ കഥ കൂടിയാട്ടം കലാരൂപത്തിൽ സ്റ്റേജിൽ അവതരിപ്പിക്കണം എന്ന ആശയം മിഷായുടെ മനസ്സിൽ കടന്നുകൂടി. പിന്നീട് 2020 മാർച്ചിൽ ഈ കലാരൂപം ന്യൂയോർക്ക് തിയേറ്ററിൽ അവതരിപ്പിക്കുന്നതിനുള്ള എല്ലാ പദ്ധതിയും തയ്യാറായെങ്കിലും കോവിഡ് മഹാമാരി മൂലം ആ പദ്ധതി അന്ന് ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് ഈ കലാരൂപം കൂടിയാട്ടം കലാകാരനെ കേരളത്തിൽ നിന്നും വരുത്തി സ്റ്റേജിൽ അവതരിപ്പിക്കുവാനുള്ള പദ്ധതി ആലോചിച്ചു. അതിനായി കേരളത്തിലെ കലാമണ്ഡലത്തിൽ നിന്നും ഒരു കലാകാരനെ ലഭിക്കുന്നതിനുള്ള ശ്രമം നടത്തിയപ്പോഴാണ് കഥകളി ആചാര്യനായ ഡോ. കലാമണ്ഡലം ജോൺ ന്യൂയോർക്ക് ലോങ്ങ് ഐലൻഡിൽ ഉണ്ട് എന്ന് മനസ്സിലാക്കുന്നതും ഡോ. ജോണുമായി ബന്ധപ്പെടുന്നതും.

തൃശൂർ ചെറുതുരുത്തിയിൽ കലാതരംഗിണി കഥകളി സ്കൂളിന്റെ ഡയറക്ടർ ആയ ഡോ. കലാമണ്ഡലം ജോൺ കഴിഞ്ഞ അര നൂറ്റാണ്ടായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലായി നിറഞ്ഞ സദസ്സിലെ അരങ്ങുകളിൽ കഥകളി അവതരിപ്പിക്കുന്ന അനുഗ്രഹീത കലാകാരനാണ്. ക്രിസ്ത്യൻ സമുദായത്തിൽ നിന്നും കഥകളി നടനായി ആദ്യമായി വേഷം കെട്ടുന്ന കലാകാരനാണ് ഡോ. ജോൺ. കഴിഞ്ഞ മൂന്നു നാല് വർഷമായി ലോങ്ങ് ഐലൻഡിലെ ഹിക്സ്വില്ലിൽ (Hicksville) താമസക്കാരനായ ജോൺ കേരളത്തിലെ സ്കൂൾ - യൂണിവേഴ്സിറ്റി കലോത്സവങ്ങളുടെ കഥകളി മത്സരത്തിൻറെ വിധികർത്താക്കളിൽ ഒരാളാണ്. കുച്ചുപ്പുടി-മോഹിനിയാട്ടം കലാകാരിയായ മേരി ജോൺ അദ്ദേഹത്തിൻറെ സഹധർമ്മിണിയാണ്. "പച്ച കുത്ത്" എന്നറിയപ്പെടുന്ന കഥകളി മേക്കപ്പ് നടത്തുന്ന ലോകത്തിലെ തന്നെ ഏക മലയാളി വനിതയാണ് മേരി ജോൺ. ഏകദേശം നാല് മണിക്കൂറോളം സമയമാണ് കഥകളി മേക്കപ്പ് ചെയ്യുന്നതിന് വേണ്ടിവരുന്നത്.

കഥകളി ഒരു ക്ഷേത്ര കലയാണെങ്കിലും ന്യൂയോർക്ക് തിയേറ്ററിൽ അരങ്ങേറുന്ന കലാരൂപം ബൈബിളിലെ കഥാപാത്രത്തെ ആസ്പദമാക്കിയാണ്. ഒരുപക്ഷെ ലോകത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും ഇത്തരമൊരു പരീക്ഷണം ഈ കലയിൽ രൂപപ്പെടുത്തുന്നത്. "ഫറവോൻ" എന്ന് പേര് നൽകിയിരിക്കുന്ന ഈ കലാരൂപം കഥകളി വേഷത്തിൽ ഏകാംഗ നടനമായി 75 മിനിറ്റ് തുടർച്ചയായി സ്റ്റേജിൽ ലൈവ് ആയി അവതരിപ്പിക്കുയാണ് ഡോ. ജോൺ. ഫറവോനെപ്പറ്റിയുള്ള കഥയാണെങ്കിലും ഏകദേശം 53 കഥാപാത്രങ്ങളുടെ ഭാവരൂപ അഭിനയ പ്രകടനമാണ് ജോൺ എന്ന ഒറ്റ കലാകാരൻ സ്റ്റേജിൽ അവതരിപ്പിക്കുന്നത്. ഫറവോൻ രാജാവ്, മോശ പ്രവാചകൻ, ഫറവോന്റെ മകൻ, ഭാര്യ, പിതാവ്, ഈജിപ്ഷ്യൻ വൈദികൻ തുടങ്ങി 53 കഥാപാത്രങ്ങളാണ് ജോൺ എന്ന ഏക കലാകാരന്റെ 75 മിനിറ്റിലെ ഭാവാഭിനയത്തിലൂടെ മാറിമറയുന്നത്.



തിരക്കഥാകൃത്തായ മിഷാ ഷൽമാനാണ് സ്റ്റേജിന് പിന്നിൽനിന്നും ഇംഗ്ലീഷിലുള്ള ഡയലോഗ് അവതരിപ്പിക്കുന്നത്. ബാക്ക് ഗ്രൗണ്ട് മ്യൂസിക്കിനായി ഗാലൻ പാസ്സെൻ (Galen Passen) സിത്താറും ട്രിപ്പ് ഡഡ്‌ലി (Tripp Dudley) ഡ്രംസും കൈകാര്യം ചെയ്യുന്നു. ജോണിന്റെ കഥകളി വേഷത്തിന്റെ മേക്കപ്പ് നടത്തുന്നത് സഹധർമ്മിണിയായ മേരി ജോൺ തന്നെയാണ്. ഒന്നേകാൽ മണിക്കൂർ നീളുന്ന കലാപ്രകടനത്തിനുള്ള മേക്കപ്പ് ചെയ്യുന്നതിനായി ഏകദേശം നാല് മണിക്കൂർ വീതമാണ് പ്രകടനം ചെയ്യുന്ന ഓരോ ദിവസവും ചിലവഴിക്കുന്നത്.

മാർച്ച് 15, 16, 17 (വെള്ളി, ശനി, ഞായർ), മാർച്ച് 21, 23, 24 (വ്യാഴം, ശനി, ഞായർ), മാർച്ച് 28, 29, 30, 31 (വ്യാഴം, വെള്ളി, ശനി, ഞായർ) എന്നീ പത്ത് ദിവസങ്ങളിലാണ് "ഫറവോൻ" തിയേറ്റർ ഷോ അരങ്ങേറുന്നത്. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 8 മണിക്കും ഞായറാഴ്ചകളിൽ വൈകിട്ട് 3-നുമാണ് ഷോ നടക്കുന്നത്. മലയാളിയായ ഈ കലാകാരന് ന്യൂയോർക്ക് സിറ്റിയിലെ തിയേറ്ററിൽ ലഭിക്കുന്ന ഈ അംഗീകാരത്തിൽ നമുക്കേവർക്കും അഭിമാനിക്കാം. കഴിയുന്നിടത്തോളം കലാസ്നേഹികൾ പ്രസ്തുത പ്രകടനം കണ്ട് ആസ്വദിക്കണമെന്നും മലയാളിയുടെ പൈതൃക കലാരൂപത്തെ ന്യൂയോർക്ക് സിറ്റിയിൽ അവതരിപ്പിക്കുവാൻ ലഭിച്ച അവസരത്തെ പ്രോത്സാഹിപ്പിക്കണമെന്നും താല്പര്യപ്പെടുന്നു.

ഷോയുടെ ടിക്കറ്റ് നിരക്ക് ഒരാൾക്ക് പതിനെട്ട് ഡോളറാണ് ($18). ചുരുങ്ങിയ സീറ്റിങ് കപ്പാസിറ്റിയുള്ള തിയേറ്ററിൽ ടിക്കറ്റ് മുൻകൂട്ടി ഓൺലൈനായി ബുക്ക് ചെയ്യുവാനുള്ള സൗകര്യമുണ്ട്. അതിനായി താഴെ കൊടുത്തിരിക്കുന്ന തിയേറ്ററിന്റെ വെബ്സൈറ്റിൽ സന്ദർശിക്കുക.

www.theaterforthenewcity.net



Kalamandalam John infront of his Kathakali Poster (Italy)


Gold Medal from Kerala Samajam, Vienna (1998)




പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ
തോമസ് ടി ഉമ്മൻ
ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)
സാദരം നിങ്ങളുടെ
പിന്തുണ അഭ്യർത്ഥിക്കുന്നു

# സബിൻസ ഗ്രൂപ്പ് സാരഥി ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു

ന്യൂ ജേഴ്സി/ചെന്നൈ: സമി-സബിൻസ ഗ്രൂപ്പിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ തുടർന്ന് ചെന്നൈ അപ്പോളോ ആശുപത്രിയിൽ ആയിരുന്നു അന്ത്യം.

കൊല്ലം സ്വദേശിയാണ് . തിരുവനന്തപുരം മെഡിക്കൽ കോളെജിൽ നിന്ന് ബി.ഫാം ബിരുദം നേടി. ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ രംഗത്തെ ആഗോള ഹെൽത്ത് സയൻസ് കമ്പനിയാണ് സമി-സബിൻസ ഗ്രൂപ്പ്.

385ലേറെ യു.എസ് പേറ്റന്റുകൾ സ്വന്തമായുള്ള കമ്പനിയാണ് സമി-സബിൻസ ഗ്രൂപ്പ്.

ന്യൂജെഴ്സി ആസ്ഥാനമായി അദ്ദേഹം സ്ഥാപിച്ച സബിൻസ കോർപ്പറേഷൻ ആഗോളപഠന കേന്ദ്രമായാണ് വിഭാവനം ചെയ്തിരുന്നത്. ബംഗളൂരുവിൽ അദ്ദേഹം തന്നെ സ്ഥാപിച്ച സമി ലാബ്സ് ലിമിറ്റഡ് എന്ന ഇന്ത്യൻ സ്ഥാപനവും സബിൻസയും പിന്നീട് ഒരുമിപ്പിച്ചാണ് സമി-സബിൻസ ഗ്രൂപ്പ് എന്ന ബഹുരാഷ്ട്ര പ്രസ്ഥാനമായത്.

അമേരിക്കൻ ജനതയെ ഏറെ വലച്ചിരുന്ന അമിതവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം എന്നിവയ്ക്ക് പരിഹാരമായി 'ലുക്ക് ഗുഡ്, ഫീൽ ഗുഡ്' എന്ന ടാഗ് ലൈനോടെ ആയുർവേദത്തിൽ ഊന്നിയ ഉൽപ്പന്നങ്ങൾ ഡോ. മുഹമ്മദ് മജീദ് വിപണിയിൽ അവതരിപ്പിച്ചു.

1991ൽ ബംഗളൂരുവിൽ പീനിയ എസ്റ്റേറ്റിൽ സ്വന്തമായി ഫാക്ടറി സ്ഥാപിച്ചു. ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫാക്ടറികൾ ഉണ്ട് .


ഗവേഷണങ്ങളിലൂടെ മഞ്ഞ നിറമില്ലാത്ത മഞ്ഞളും വികസിപ്പിച്ചെടുത്തു. ഇത് ഇന്ന് ലോകമെങ്ങും സൗന്ദര്യ വർധക വസ്തുവായി ഉപയോഗിക്കുന്നുണ്ട്.

ദേശീയ-രാജ്യാന്തര പുരസ്കാരങ്ങളും ഡോ. മുഹമ്മദ് മജീദിനു ലഭിച്ചു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ആദ്യകാല കൺവൻഷൻ സ്പോൺസറുമായിരുന്നു.

മഞ്ഞളിൽ നിന്ന് വെള്ള നിറത്തിലുള്ള ഔഷധ ലേപനം

ഇന്ത്യയുടെ പരമ്പരാഗത അറിവുകളും ഔഷധങ്ങളും എങ്ങനെ അമൂല്യമായ സാങ്കേതിക വിദ്യയാക്കി മാറ്റാൻ പറ്റും എന്ന് അദ്ദേഹം തെളിയിച്ചു.

മഞ്ഞളും കുടമ്പുളിയും വെളുത്തുള്ളിയും കുരുമുളകും മറ്റും അവയുടെ ഗുണം നഷ്ടപ്പെടാതെ പുതിയ ഉൽപ്പന്നങ്ങളാക്കി മാറ്റി മജീദ് ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചു.



കൊല്ലം വലിയകട സ്വദേശിയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് 1973 ൽ ബി.ഫാം പാസായി അമേരിക്കയിലെത്തി. ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ ജോലിക്കൊപ്പം പഠനം തുടരുകയും ചെയ്തു.

ഇൻഡസ്ട്രിയൽ ഫാർമസിയിൽ ബിരുദാനന്തര ബിരുദവും ന്യൂയോർക്കിലെ സെന്റ് ജോൺസ് സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റും നേടി. പിന്നെ കുറച്ചു കാലം ഫൈസർ, കാട്ടർവാലസ്, പാക്കോ തുടങ്ങിയ വൻ കമ്പനികളിൽ ജോലി ചെയ്തു.

1988 ൽ അദ്ദേഹം ന്യൂ ജഴ്സിയിൽ സബിൻസ കോർപ്പറേഷൻ എന്ന പേരിൽ സ്വന്തമായ ഒരു സ്ഥാപനം തുടങ്ങി. മൂന്ന് വർഷം കഴിഞ്ഞപ്പോഴാണ് ബാംഗ്ളൂരിൽ സമി കെമിക്കൽസ് ആൻറ് എക്സ്ട്രാക്റ്റ്സ് ലിമിറ്റഡ് എന്ന പേരിൽ സ്ഥാപനം തുടങ്ങിയത്.

മഞ്ഞളിൻറെ മഞ്ഞ നിറം വിദേശീയരുടെ സൗന്ദര്യ സങ്കൽപ്പത്തിന് ചേരുന്നതല്ല. അതുകൊണ്ട് ഡോ.മജീദ് മഞ്ഞളിൽ നിന്ന് വെള്ള നിറത്തിലുള്ള ഔഷധ ലേപനം ഉണ്ടാക്കി. മഞ്ഞളിൻറെ ഔഷധ ഗുണം പോകാതെ നിറം മാത്രം കളയുകയാണ് അദ്ദേഹം ചെയ്തത്.

കുർക്കുമിൻ സി ത്രീ കോംപ്ളക്സ് എന്നായിരുന്നു ആ ഉൽപ്പന്നത്തിൻറെ പേര്.

കുരുമുളകിൽ നിന്ന് ബയോ പെരിനും ബ്രഹ്മിയിൽ നിന്ന് ബാക്കോപ്പിനും വെളുത്തുള്ളിയിൽ നിന്ന് സെലിനിയവും അദ്ദേഹം വികസിപ്പിച്ചെടുത്തു. ഫോഴ്സിലിൻ, ഗുഗുലിപ്പിഡ്, ബോസ് വില്ലിൻ തുടങ്ങി ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട് ഡോ.മജീദിൻറെ സമി ലാബിൽ നിന്ന്.

മരുന്ന് കൂർക്ക കൃഷിയും ഡോ.മജീദ് പ്രചരിപ്പിച്ചു. മരുന്ന് കൂർക്കയിൽ നിന്ന് ഫോഴ്സിലിൻ എന്ന ഉൽപ്പന്നമാണ് അദ്ദേഹം ഉണ്ടാക്കുന്നത്.

ഇന്ത്യയിൽ 1000 ൽ പരം പേര് കമ്പനിയിൽ ജോലി ചെയ്യുന്നു. ക്ളീൻ വേൾഡ് ലിമിറ്റഡ്, ഓർഗാനിക്ക ആരോമാറ്റിക്ക ലിമിറ്റഡ്, എഡ്ഗൽ കമ്പ്യൂട്ടർ തുടങ്ങിയവ അനുബന്ധ സ്ഥാപനങ്ങളാണ്.

മജീദിൻറെ പ്രവർത്തനങ്ങളെ അമേരിക്കൻ സർക്കാർ ആദരിച്ചിട്ടുണ്ട്. എല്ലിസ് ഐലൻറ് മെഡൽ ഓഫ് ഓണർ അദ്ദേഹത്തിനു ലഭിച്ചു.


മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
Elect
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ



# മലയാളീ മങ്ക ഹണി ജോസഫ് ഫൊക്കാന നാഷണൽ കമ്മിറ്റിയിലേക്ക് യൂത്ത് പ്രതിനിധിയായി മത്സരിക്കുന്നു.

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക്: സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായി ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റിയിലേക്ക് യൂത്ത് പ്രതിനിധിയായി ഫൊക്കാന മലയാളീ മങ്ക വിജയിയും, പ്രശസ്ത നർത്തകിയും കലാ-സംസ്കാരിക പ്രവർത്തകയുമായ ഹണി ജോസഫ് മത്സരിക്കുന്നു.

ഫൊക്കാന ഫ്ലോറിഡ കൺവെൻഷനിൽ മലയാളീ മങ്ക മത്സരത്തിൽ വിജയിച്ച ഹണി ജോസഫ് നയാഗ്ര മലയാളീ അസോസിയേഷന്റെ സജീവ പ്രവർത്തകയും , അസോസിയേഷന്റെ കല സംകാരിക രംഗത്ത് നിറസാനിദ്യമാണ്. കാനഡയിൽ എത്തുന്നതിനു മുൻപ് കോളേജ് തലത്തിലും ഇന്റർ കോളേജ് തലത്തിലും ഡാൻസ് മത്സരങ്ങളിലുംൽ പങ്കെടുത്തു വിജയിയായ ഹണി ജോസഫ് ചുരുങ്ങിയ കാലംകൊണ്ട് തന്നെ ഡാൻസിൽ പ്രേക്ഷകരുടെ മനസ്സിലിടം നേടിയ കലാകാരിയാണ് .അതോടൊപ്പം തന്നെ മോണോ ആക്ട് , ഡ്രാമ എന്നികലകളിലും കോളേജുകളിൽ തിളങ്ങി നിന്ന അവർ നല്ല ഒരു മോഡൽ കൂടിയാണ്.

നർത്തകി, ഡാൻസ് കൊറിയോഗ്രാഫർ,പാട്ടുകാരി, സംഘാടക, സന്നദ്ധ പ്രവർത്തക തുടങ്ങിയ നിരവധി തലങ്ങളിൽ കോളേജുകളിൽ തിളങ്ങിയതിന് ശേഷമാണ് അവർ കാനഡയിലേക്ക് പ്രവാസിയായി എത്തുന്നത്. അറിയപ്പെടുന്നകലാകാരിയായി വളർന്നു, നിരവധി വേദികളിൽ വിധക ലാരൂപങ്ങളിൽ അരങ്ങിലും അരൊങ്ങൊരുക്കുന്നതിലും കഴിവ് തെളിയിച്ച അവർ നിരവധി പുരസ്കരങ്ങളും വാരികൂട്ടിയിട്ടുണ്ട്.

മികച്ച പ്രസംഗിക, അവതാരിക, ഗായിക, മത-സാംസ്കാരിക പ്രവർത്തക ,സംഘടനാ പ്രവർത്തക തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് കാനഡക്കാരുടെ അഭിമാനമായ ഹണി ജോസഫ് ". ഫാർമസിയിൽ Dr. MGR മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിഗ്രിയും കാനഡയിൽ കെമിക്കൽ ലബോറട്ടറി അനാലിസിസിൽ ഉപരിപഠനവും ചെയ്യുന്ന ഹണി ജോസഫ് ജനിച്ചത് പാലായിൽ ആണെങ്കിലും വളർന്നത് സുൽത്താൻ ബത്തേരിയിൽ ആണ്.

അമേരിക്കൻ-കാനഡ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയായിട്ടാണ് ഹണി ജോസഫ് നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നത്. സ്വന്തം ജീവിതവും, കരിയറും കലക്കും , സാമൂഹ്യപ്രവർത്തനത്തിനുമായി മാറ്റിവച്ച അതുല്യ പ്രതിഭയാണ് ഹണി ജോസഫ്. അവരുടെ പ്രവർത്തനങ്ങൾ യുവ തലമുറക്ക് മാതൃകയാണ് .ഹണി ജോസഫിന്റെ സംഘടനാ മികവും നേതൃ പാടവവും യുവ നേതാകൾക്ക് മുൻതൂക്കമുള്ള ഫൊക്കാനയുടെ അടുത്ത ഭരണസമിതിയിൽ ഒരു വൻ മുതൽ കുട്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.



യുവ തലമുറയെ അംഗീകരിക്കുകയും അനുഭവസമ്പത്തും, കഴിവുമുള്ള ചെറുപ്പക്കാരെ മുന്നിൽ നിർത്തി പ്രവർത്തിക്കുവാൻ തയ്യാർ എടുക്കുമ്പോൾ ഹണി ജോസഫിന്റെ മത്സരം യുവ തലമുറക്ക് കിട്ടുന്ന അംഗീകാരമാണ്. മാറ്റങ്ങൾക്ക് ശംഖോലി മുഴങ്ങിക്കൊണ്ടിരിക്കുന്ന ഫൊക്കാനയിൽ ഇത്തവണ യുവാക്കളുടെ ഒരു നിര തന്നെയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഡ്രീം പ്രോജെക്റ്റുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നത്. കാനഡയിൽ നിന്നുള്ള എല്ലാവരുംഒരേ സ്വരത്തിൽ ഹണി ജോസഫിന്റെ മത്സരത്തെ പിന്തുണക്കുന്നു . കൂടാതെ സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ,ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ , എക്സി . പ്രസിഡന്റ് സ്ഥാനാർഥി പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് സ്ഥാനാർഥി വിപിൻ രാജു, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി മനോജ് ഇടമന , ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ , അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് ,വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥി രേവതി പിള്ള, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ ,രാജീവ് കുമാരൻ, അഡ്വ. ലതാ മേനോൻ ,ഷിബു എബ്രഹാം സാമുവേൽ,ഗ്രേസ് ജോസഫ്, അരുൺ ചാക്കോ , മേരി ഫിലിപ്പ് , മേരികുട്ടി മൈക്കിൾ , മനോജ് മാത്യു ,ഡോ. ഷൈനി രാജു, സ്റ്റാൻലി ഇത്തൂണിക്കൽ, മത്തായി ചാക്കോ , സിജു സെബാസ്റ്റ്യൻ , ജോർജി വർഗീസ് , സുദീപ് നായർ , സോമൻ സക്കറിയ , ബ്ലെസ്സൺ മാത്യു, ജീമോൻ വർഗീസ് ,ജെയിൻ തെരേസ,ജെർമി തോമസ് റീജിയണൽ വൈസ് പ്രസിഡന്റ് ആയിമത്സരിക്കുന്ന ബെൻ പോൾ, ലിൻഡോ ജോളി , കോശി കുരുവിള,ഷാജി സാമുവേൽ, ധീരജ് പ്രസാദ് , ജോസി കാരക്കാട്, ലാജി തോമസ് , ആന്റോ വർക്കി ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്ന സതീശൻ നായർ, ബിജു ജോൺ എന്നിവർ ഹണി ജോസഫിന് വിജയാശംസകൾ നേർന്നു





ATTORNEY AT LAW
VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

PERSONAL ATTENTION AT REASONABLE FEE

1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208

# യുവനേതാവ് ജെർമി തോമസ് നാഷണൽ കമ്മിറ്റിയിലേക്ക് യൂത്ത്പ്രതിനിധിയായി മത്സരിക്കുന്നു



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് : സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായി ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റിയിലേക്ക് യൂത്ത് പ്രതിനിധിയായി ലണ്ടൻ ഒന്റാറിയോ മലയാളീ അസോസിയേഷന്റെ സജീവ പ്രവർത്തകനായ ജെർമി തോമസ് മത്സരിക്കുന്നു.

മലയാളീ സ്റ്റുഡന്റ് യൂണിയന്റെ (YUMSA ) മീഡിയ ഡയറക്ടറും , കാനഡയുടെ വിദ്യാർത്ഥി രാഷ്ട്രീയത്തിലും സമുഖ്യ പ്രവർത്തനത്തിലും ശോഭിക്കുന്ന ജെർമി തോമസിന്റെ സംഘാടക മിടുക്ക് എടുത്തു പറയേണ്ടുന്നതാണ്. മികച്ച സംഘാടകനെന്നതിലുപരി ദേശീയ തലത്തിലുള്ളഅറിയപ്പെടുന്ന ഒരു സ്പോർട്സ് താരം കൂടിയാണ്. അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയായിട്ടാണ് ജെർമി തോമസ് ഫൊക്കാനയിലേക്ക് വരുന്നത് . ഫൊക്കാനയുടെ ഒരു ഭാവി വാഗ്ദാനമാണ് ജെർമി തോമസ് .

ഒരു സ്പോർട്സ് തരാം അണെങ്കിൽ കുടി സഭാ കാര്യത്തിലും ജെർമി തോമസ് ആക്റ്റീവ് ആണ് .

ലണ്ടൻ ഒന്റാറിയോയിലെ സേക്രഡ് ക്നായ കാത്തോലിക് ചർച്ചിന്റെ സജീവ പ്രവർത്തകൻ കൂടിയായ ജെർമി ഗ്ലോബൽ ഹെൽത്തിൽ, ബാച്ചിലേഴ്സ് ഡിഗ്രിയും നേടിയിട്ടുണ്ട്. പാലായിൽ നിന്നും കാനഡയിലേക്ക് കുടിയേറിയിട്ടുള്ള ഫൊക്കാന നേതാവായ ജോജി തോമസിന്റെയും രേഖ തോമസിന്റെയും മകനാണ്.

അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയായിട്ടാണ് ജെർമി തോമസ് നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നത്. സ്വന്തം ജീവിതവും, കരിയറും സാമൂഹ്യപ്രവർത്തനത്തിനായി മാറ്റിവച്ച അതുല്യ പ്രതിഭയാണ് ജെർമി തോമസ്. ജെർമി പ്രവർത്തനങ്ങൾ യുവ തലമുറക്ക് മാതൃകയാണ് .ജെർമി തോമസിന്റെ സംഘടനാ മികവും നേതൃ പാടവവും യുവ നേതാകൾക്ക് മുൻതൂക്കമുള്ള ഫൊക്കാനയുടെ അടുത്ത ഭരണസമിതിയിൽ ഒരു വൻ മുതൽ കുട്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

യുവ തലമുറയെ അംഗീകരിക്കുകയും അനുഭവസമ്പത്തും , കഴിവുമുള്ള ചെറുപ്പക്കാരെ മുന്നിൽ നിർത്തി പ്രവർത്തിക്കുവാൻ തയ്യാർ എടുക്കുബോൾ ജെർമി തോമസ് മത്സരം യുവ തലമുറക്ക് കിട്ടുന്ന അംഗീകാരമാണ് . മാറ്റങ്ങൾക്ക് ശംഖോലി മുഴങ്ങിക്കൊണ്ടിരിക്കുന്ന ഫൊക്കാനയിൽ ഇത്തവണ യുവാക്കളുടെ ഒരു നിരതന്നെയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഡ്രീം പ്രോജെക്റ്റുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നത്. കാനഡയിൽ നിന്നുള്ള എല്ലാവരുംഒരേ സ്വരത്തിൽ ജെർമി തോമസ്സിന്റെ മത്സരത്തെ പിന്തുണക്കുന്നു . കൂടാതെ സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ,ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ , എക്സി . പ്രസിഡന്റ് സ്ഥാനാർഥി പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് സ്ഥാനാർഥി വിപിൻ രാജു, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി മനോജ് ഇടമന , ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ , അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് ,വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥി രേവതി പിള്ള, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ ,രാജീവ് കുമാരൻ, അഡ്വ. ലതാ മേനോൻ ,ഷിബു എബ്രഹാം സാമുവേൽ,ഗ്രേസ് ജോസഫ്, അരുൺ ചാക്കോ , മേരി ഫിലിപ്പ് , മേരികുട്ടി മൈക്കിൾ , മനോജ് മാത്യു ,ഡോ. ഷൈനി രാജു, സ്റ്റാൻലി ഇത്തൂണിക്കൽ, മത്തായി ചാക്കോ , സിജു സെബാസ്റ്റ്യൻ , ജോർജി വർഗീസ് , സുദീപ് നായർ , സോമൻ സക്കറിയ , ബ്ലെസ്സൺ മാത്യു, ജീമോൻ വർഗീസ്, ജെയിൻ തെരേസ, റീജിയണൽ വൈസ് പ്രസിഡന്റ് ആയിമത്സരിക്കുന്ന ബെൻ പോൾ, ലിൻഡോ ജോളി , കോശി കുരുവിള,ഷാജി സാമുവേൽ, ധീരജ് പ്രസാദ് , ജോസി കാരക്കാട്, ലാജി തോമസ് , ആന്റോ വർക്കി ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്ന സതീശൻ നായർ , ബിജു ജോൺ എന്നിവർ ജെർമി തോമസിന് വിജയാശംസകൾ നേർന്നു.




# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

# ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി ഫിലിപ്പോസ് ഫിലിപ്പ് , കമ്മിറ്റി മെംബേർസ് ആയി ജോർജി വർഗീസ്, ജോജി തോമസ്



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക്: അമേരിക്കൻമലയാളികളുടെ സംഘടനകളുടെ സംഘടയായ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി മുൻ സെക്രട്ടറിയും , ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ഫിലിപ്പോസ് ഫിലിപ്പ് ,ഇലക്ഷൻ കമ്മിറ്റി മെംബേർസ് ആയി മുൻ ഫൊക്കാന പ്രസിഡന്റും ,ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ജോർജി വർഗീസ് , ട്രസ്റ്റീ ബോർഡ് മെംബർ ജോജി തോമസ് എന്നിവരെ തെരഞ്ഞെടുത്തതായി ട്രസ്റ്റീ ബോർഡ് ചെയർമാൻ സജി പോത്തൻ അറിയിച്ചു.

ഇലക്ഷൻ കമ്മീഷണർ ആയി തെരഞ്ഞെടുക്കപെട്ട ഫിലിപ്പോസ് ഫിലിപ്പ് മുൻ സെക്രട്ടറിയും , ട്രസ്റ്റീ ബോർഡ് ചെയർമാൻ , കൺവെൻഷൻ ചെയർ തുടങ്ങി മൂന്നു പതിറ്റാണ്ടിലേറെ പ്രതിസന്ധികളിൽ സംഘടനയോടൊപ്പം നിന്ന് സംഘടനയുടെ ഉയർച്ചയിൽ ഭാഗഭാക്കായി നിന്ന ചരിത്രമാണ് അദ്ദേഹത്തിന്റേത്. 2010 ലെ ആൽബനി കൺവൻഷനാണ് അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ നാഴികക്കല്ലായത്. കൺവൻഷൻ ചെയർമാനായിരുന്ന ഫിലിപ്പിന്റെ കർമ്മോത്സുകത അന്ന് എല്ലാവരും അനുഭവിച്ചറിഞ്ഞതാണ്. കൺവൻഷൻ വമ്പിച്ച വിജയമാക്കിത്തീർക്കുവാൻ കഴിഞ്ഞത് ഫിലിപ്പോസ് ഫിലിപ്പിന്റെ കഴിവ് കൂടിയാണ് .

ഫൊക്കാനയുമായുള്ള കേസുകൾ അദ്ദേഹം ട്രസ്റ്റീ ബോർഡ് ചെയർമാൻ ആയിരുന്നപ്പോൾ ഏറ്റെടുക്കുകയും ആ കേസുകൾ എല്ലാം വിജയിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമാണ്. പല കേസുകളും പഠിച്ചു അതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ വക്കിലന്മാർക്ക് നൽകുന്നതിലും അദ്ദേഹത്തിന്റെ പ്രവർത്തനം കുറ്റമറ്റതായിരുന്നു . പല കേസുകളും വിജയിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ അവസരോചിതമായ ഇടപെടലുകളും അമേരിക്കൻ നിയമത്തിലുള്ള അറിവും കൊണ്ട് മാത്രമാണ്.

1989 മുതൽ ഹഡ്സൻവാലി മലയാളി അസ്സോസിയേഷന്റെ സജീവ പ്രവർത്തകനാണ്. പ്രസിഡൻറ്, ചെയർമാൻ, അസ്സോസിയേഷന്റെ മുഖപത്രമായ കേരള ജ്യോതിയുടെ ചീഫ് എഡിറ്റർ തുടങ്ങിയ പദവികൾ അലങ്കരിച്ചിട്ടുണ്ട്. അമേരിക്കൻ മുഖ്യധാരയിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ കടന്നുചെല്ലുന്നതിനും ക്രിയാത്മകമായ സംഭാവനകൾ നൽകുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

സാംസ്ക്കാരിക സംഘടനയിൽ മാത്രമല്ല ഫിലിപ്പിന്റെ കൈയ്യൊപ്പ് പതിഞ്ഞിട്ടുള്ളത്. കേരള എഞ്ചിനീയറിംഗ് ഗ്രാജ്വേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KEAN) യുടെ സ്ഥാപകരിൽ ഒരാളാണ്. ആ സംഘടനയിൽ പ്രസിഡന്റ്, ബോർഡ് ചെയർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

കൂടാതെ മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മിറ്റി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൻെറ കൗൺസിൽ അംഗമായും പ്രവർത്തിച്ചു.റോക്ക്ലാൻഡ് കൗണ്ടി റിപ്പബ്ലിക്കൻ പർട്ടിയിൽ കമ്മിറ്റിയംഗമായി പ്രവർത്തിക്കുന്നതോടൊപ്പം ന്യൂയോർക്കിലെ പബ്ലിക്ക് എംപ്ലോയീസ് ഫെഡറേഷനിൽ ഡിവിഷൻ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. ലോകകേരളസഭ മെംബർ കൂടിയാണ് അദ്ദേഹം.

കേരളത്തിൽ നിന്നും എഞ്ചിനീയറിംഗ് ബിരുദവും ന്യൂയോർക്ക് പോളിടെക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ഫിലിപ്പോസ് ഫിലിപ്പ് ന്യൂയോർക്കിലെ റോക്ക്ലാൻഡിൽ കുടുംബസമേതം താമസിക്കുന്നു.

താൻ പ്രവർത്തിച്ച മേഖലകളിലെല്ലാം പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ശക്തമായ വ്യക്തിബന്ധങ്ങളും സാമൂഹ്യ കൂട്ടായ്മകളും ദൃഢതരമാക്കുവാനും നിലനിർത്തുവാനും നിഷ്പക്ഷമായി പ്രവർത്തിക്കാനും കഴിഞ്ഞത്കൊണ്ടുകൂടിയാണ് അദ്ദേഹത്തെ തേടി ഇലക്ഷൻ കമ്മീഷണർ സ്ഥാനം തേടി എത്തിയത്.

ഇലക്ഷൻ കമ്മിറ്റി മെംബേർ ആയി തെരഞ്ഞെടുക്കപ്പെട്ട മുൻ ഫൊക്കാന പ്രസിഡന്റും ,ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ജോർജി വർഗീസ് നേരത്തെ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീറ്റി ചെയർമാൻ ആയി പ്രവർത്തിച്ച വ്യക്തിയാണ്. അദ്ദേഹം ഫോകാനാ പ്രസിഡന്റ് ആയിരുന്നു സമയത്താണ് സംഘടനയുടെ പ്രവർത്തനം അടിമുടി മാറ്റുകയും ഫൊക്കാനയെ ജനകിയമാക്കുകയും , ചരിത്രപരമായ ഫൊക്കാന ഫ്ലോറിഡ കൺവെൻഷന്റെ ചുക്കാൻ പിടിക്കുകയും ചെയ്തു. ഫൊക്കാനയിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അമേരിക്കയിലെയും കാനഡയിലെയും മിക്ക അസ്സോസിയേഷനുകളുമായി നേരിട്ടു ബന്ധം പുലർത്തുന്ന വ്യക്തിയാണ്.

സൗമ്യനായ ഒരു നേതാവ്. ഫൊക്കാനയുടെ മുഖമായി അഭിമാന പൂർവം ഇന്നലകളിൽ അവതരിപ്പിച്ച ഒരു നല്ല നേതാവ്. ഫൊക്കാനയുടെ മുഖപത്രമായ "ഫൊക്കാന റ്റുഡേ"യ്ക്കു ഒരു പുതിയ മുഖഛായയുമായി രംഗപ്രവേശം ചെയ്ത വ്യക്തിയാണ് ജോർജി വർഗീസ്. ഭാഷക്ക് ഒരു ഡോളർ ജനകിയമാക്കുന്നതിലും അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു. അതിനുശേഷം ഫൊക്കാനയിൽ


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home
& Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

നിരവധി പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. ഏത് പദവികൾ ഏറ്റെടുത്തലും നൂറു ശതമാനനവും ആത്മാർത്ഥതയോട് പ്രവർത്തിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ സാമൂഹ്യ പ്രവർത്തനം ആരംഭിച്ച അദ്ദേഹം, തിരുവല്ല മാർ തോമാ കോളേജിൽ നിന്നും ആടര ബിരുദത്തിന് ശേഷം MSW ന് ഇൻഡോർ യൂണിവേസിറ്റിയിൽ പഠനം നടത്തുമ്പോൾ ഇൻഡോർ യൂണിവേഴ്സിറ്റിയുടെ കോളേജ് യൂണിയൻ സെക്രട്ടറി ആയതു വലിയ തെരഞ്ഞെടുപ്പിനെ നേരിട്ട് കൊണ്ടായിരുന്നു. യൂണിവേഴ്സിറ്റി റാങ്ക് ജേതാവ് കൂടിയാണ് അദ്ദേഹം.മൾട്ടി നാഷണൽ കമ്പനിയായ ഹാരിസൺ ആൻഡ് ക്രോസ്സ് ഫീൽഡിന്റെ ലേബർ ഓഫീസർ ആയി ജോലി നോക്കുമ്പോൾ നിർണായകമായ ആയ പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ നേതൃത്വം നൽകി . കവിയുർ YMCA സെക്രട്ടറിയയും, പല പ്രാദേശിക YMCA കളെ കോർത്തിണക്കിയ സബ് റീജണൽ YMCA യുടെ ചെയർമാനായും സേവനം ചെയ്തു.

OICC ഫ്ലോറിഡ ചാപ്റ്ററിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ആണ്. മാർത്തോമാ സഭ നോർത്ത് അമേരിക്കൻ ഡയോസിസിന്റെ കൗൺസിൽ മെംബേർ ആയും പ്രവർത്തിച്ച അദ്ദേഹം സൗത്ത് ഫ്ലോറിഡ ചർച്ച് സെക്രട്ടറി ആയും പ്രവർത്തിക്കുന്നു . ലോക കേരളാ സഭ മെംബർ കൂടിയാണ് അദ്ദേഹം. കൗണ്ടി ഹ്യൂമൻ സർവീസസിലെ സീനിയർ മാനേജറായി ജോലി ചെയ്യുന്നു.

ജോർജി വർഗീസ് വഹിച്ച പദവികൾ എല്ലാം പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു പ്രവർത്തനത്തിലൂടെ അമേരിക്കൻ മലയാളികളുടെയും ഫൊക്കാനക്കാരുടെയും മനസ്സ് കവർന്ന് എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിഷ്പഷ്പമായി പ്രവർത്തിക്കാനും അങ്ങനെ ഫൊക്കാനയിൽ ഗ്രുപിസം ഒഴിവാക്കാനും കഴിഞ്ഞത് കൊണ്ടുകൂടിയാണ് അദ്ദേഹത്ത തേടി ഇലക്ഷൻ കമ്മിറ്റി മെംബർ സ്ഥാനം എത്തിയത്.

ഇലക്ഷൻ കമ്മിറ്റി മെംബർ ആയി തെരെഞ്ഞെടുത്ത ജോജി തോമസ്, ട്രസ്റ്റി ബോർഡ് അംഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു വ്യക്തിയാണ്. ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി മെംബർ , അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ജോജി കാനഡയിൽ നിന്നുള്ള ഫൊക്കാനയുടെ ഏറ്റവും ശക്തനായ യുവ നേതാവാണ്. കാനഡയിൽ അറിയപ്പെടുന്ന വ്യവസായിയും പ്രമുഖ സാമൂഹിക പ്രവർത്തകനുമായ ജോജി തോമസ് അമേരിക്കയിലെയും കാനഡയിലെയും ഫൊക്കാന അംഗസംഘടനകൾക്ക് സുപരിചിതനാണ് വ്യക്തമാക്കുന്നത്.

കാനഡയുടെ സംസ്കാരിക രംഗത്ത് ചുരുങ്ങിയ കാലംകൊണ്ട് വ്യക്തി മുദ്ര പതിപ്പിച്ച ജോജി ഒരു മികച്ച സംഘാടകനും സാംസ്കാരിക മേഖലകളിലും ബിസിനസ് രംഗത്തും കഴിവുറ്റ പ്രതിഭയുമാണ്.

സൗമ്യ സ്വഭാവക്കാരനായ ജോജി കാനഡയിലെ മലയാളികളുടെ മാത്രമല്ല ഫൊക്കാനയിലെ മുഴുവൻ നേതാക്കന്മാരുടെ ഇടയിലും ഏറെ സ്വീകാര്യനായ യുവ നേതാവാണ്.

കാനഡ ലണ്ടൻ ഒന്റാരിയോ മലയാളി അസോസിയേഷന്റെ (ലോമ) മുൻ പ്രസിഡണ്ട് ആയ ജോജി തോമസ് വണ്ടന്മാക്കിയിൽ ഒന്റാരിയോ ലണ്ടൻ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന സാമുദായിക - കാരുണ്യ പ്രവർത്തകൻ കൂടിയാണ്.കാനഡയിൽ രണ്ടു ബിസിനസ് സ്ഥാപനങ്ങളുടെ ഉടമയാണ് ജോജി തോമസ്. റിയൽ തോംസൻ ഫുഡ്സ് എന്ന സ്നാക്സ് മാനുഫാച്ചറിംഗ് കമ്പനിയും ലണ്ടൻ ഒന്റാറിയോയിൽ മിന്റ് ലീവ്സ് ഇന്ത്യൻ കിച്ചൻ എന്ന പേരിൽ ഒരു റെസ്റ്റോറന്റും നടത്തുന്നുണ്ട്.

ലണ്ടൻ സൈന്റ് മേരീസ് സീറോ മലബാർ പള്ളിയിയിൽ മൂന്നു തവണ ട്രസ്റ്റീ ആയിരുന്ന ജോജി സേക്രഡ് ഹാർട്ട് സീറോ മലബാർ മിഷന്റെ മുൻ പാരിഷ് കൗൺസിൽ അംഗവുമാണ് , ബിൽഡിങ്ങ് കമ്മിറ്റി ചെയർ ആയും പ്രവർത്തിച്ചിട്ടുണ്ട്. ലണ്ടൻ ക്നാനായ കാത്തലിക് ചർച്ചിന്റെ പാരിഷ് കൗൺസിൽ മെംബറും , ഡയറക്റ്ററേറ്റ് ഓഫ് ക്നാനായ കാത്തലിക് ഇൻ കാനഡയുടെ ചെയർമാനും ആണ്. പാലാ വള്ളിച്ചിറ സ്വദേശിയായ ജോജി കാനഡയിലേക്ക് കുടിയേറിയ ശേഷം കാനഡയിലെ മലയാളികളുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. ഭാര്യ:രേഖ ജോജി (നഴ്സ്).

ഒരു കൺവൻഷൻ നടത്തുന്നതിനേക്കാൾ ഭാരിച്ച ഉത്തരവാദിത്വമാണ് ഇലക്ഷൻ കമ്മീഷണറുടെയും കമ്മിറ്റിയുടെയും ജോലി എന്നു പറഞ്ഞാൽ അതു അതിശയോക്തിയല്ല. എല്ലാ റീജിയനുകളിലും വോട്ടുള്ളവർ, അവരുടെ വിവരങ്ങൾ, അംഗസംഘടനകളുടെ വിവരങ്ങൾ ഒക്കെ വിശദമായി പഠന വിധേയമാക്കേണ്ടതുണ്ട്. പലരും കൺവൻഷനു വരുന്നത് തന്നെ വോട്ടു ചെയ്യാനാണ്.ഫൊക്കാനയുടെ ഇലക്ഷൻ കാണികൾക്ക് ഒരു ഹരമാണ് , പക്ഷേ അതിൽ ഇലക്ഷൻ നോട്ടിഫിക്കേഷൻ മുതൽ വിജയിയെ പ്രഖ്യാപിക്കുന്നതു വരെ ഉള്ള നിമിഷങ്ങൾ ഇലക്ഷൻ കമ്മിറ്റിക്ക് നിർണ്ണായകമാണ് . കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുക എന്ന ജോലിയാണ് കമ്മീഷന് ഉള്ളത്. അതു ഭംഗിയായി നിർവഹിക്കും. അതിനു എല്ലാവരുടെയും സഹകരണം അവിശ്യമാണെന്നും ഇലക്ഷൻ കമ്മിഷൻ അറിയിച്ചു.




Vote For FOKANA
Dream Team 2024 - 2026
Executive Committee
SAJIMON ANTONY
NEW JERSEY
President
SREEKUMAR UNNITHAN
NEW YORK
General Secretary
JOY CHACKAPPAN
NEW JERSEY
Treasurer
PRAVEEN THOMAS
CHICAGO
Exe. Vice President
VIPIN RAJ
WASHINGTON DC
Vice President
REVATHI PILLAI
BOSTON
Women's Forum Chair
MANOJ EDAMANA
CANADA
Asso.Secretary
JOHN KALLOLICKAL
FLORIDA
Asso.Treasurer
APPUKUTTAN PILLAI
NEW YORK
Addi. Asso.Secretary
MILLY PHILIP
PHILADELPHIA
Addi.Asso.Treasurer
"Together We Are Stronger"



Estd. 1971
MALLAPPALLY

# മല്ലപ്പള്ളി മിഷൻ ആശുപത്രിയുടെ പുനർനിർമ്മാണം ഏറ്റെടുത്തത് ഒരു നിയോഗമായി കാണുന്നു: ഡാനിയൽ മോഹൻ

**മീട്ടു റഹ്മത്ത് കലാം**

കുഞ്ഞുനാളിൽ മനസ്സിൽ പതിയുന്ന കാര്യങ്ങളാണ് മുന്നോട്ടുള്ള കാലങ്ങളിൽ നമുക്ക് ലക്ഷ്യബോധം നൽകുന്നത്. കഴിഞ്ഞ 52 വർഷക്കാലമായി അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ടിരിക്കുന്ന ഐഡിഎസ്ഐ ഇന്റർനാഷണൽ എന്ന സോഫ്റ്റ് വെയർ കമ്പനി ഉടമ ഡാനിയൽ മോഹൻ, മല്ലപ്പള്ളിയിലെ ജോർജ് മാത്തൻ മിഷൻ ആശുപത്രിയുടെ പുനർനിർമ്മാണം ഏറ്റെടുത്തതും ബാല്യത്തിൽ ബൈബിൾ ക്ലാസിൽ പാടിനടന്ന പാട്ടിന്റെ സ്വാധീനംകൊണ്ടാണ്. വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ ചെയർമാൻ എന്ന തടക്കം നിരവധി സംഘടനകളുടെ താക്കോൽ സ്ഥാനത്തിരുന്ന് ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിട്ടുള്ള ഡാനിയൽ മോഹൻ, ഇ-മലയാളി വായനക്കാർക്കു മുന്നിൽ മനസു തുറക്കുന്നു...

**കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക്?**

കോട്ടയം നഗരത്തിലാണ് ജനിച്ചു വളർന്നത്. എം.റ്റി. സെമിനാരി ഹൈസ്കൂളിലും സി.എം.എസ് കോളജിലുമായി കോട്ടയത്തു തന്നെയായിരുന്നു പ്രാരംഭ പഠനം. പിന്നീടാണ് കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിന് ചേർന്നത്. പഠിച്ചിറങ്ങി ആറുമാസക്കാലം കൂടിയേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. ഉപരിപഠനത്തിനാണ് അമേരിക്കയിൽ വന്നത്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റേഴ്സ് ചെയ്ത ശേഷം 1200-ല്പരം ശാഖകളുള്ള ജെ.സി.പെന്നി കമ്പനിയിൽ ജോലി ലഭിച്ചു.പിന്നീട് നാഷണൽ ബ്രോഡ്കാസ്റ്റിംഗിൽ (എൻബിസി) സേവനമനുഷ്ഠിച്ചു. 1995 നവംബർ 14- നാണ് ന്യൂജേഴ്സിയിലെ ഫോർഡ് ലീയിൽ ഐഡിഎസ്ഐ ഇന്റർനാഷണൽ എന്ന പേരിൽ സ്വന്തമായൊരു സോഫ്റ്റ് വെയർ കമ്പനി ആരംഭിച്ചത്. അധികം വൈകാതെ, കൊച്ചി ഇൻഫോപാർക്കിൽ ഞങ്ങളുടെ കമ്പനിയുടെ സോഫ്റ്റ് വെയർ ഡെവലപ്പിങ് സെന്ററിനും തുടക്കം കുറിച്ചു. കമ്പനി ഇപ്പോഴും നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്.

**കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യുന്നത് തലവേദനയാണെന്ന് പറഞ്ഞ് അമേരിക്കൻ പ്രവാസികൾ പൊതുവെ അതിന് താല്പര്യം കാണിക്കാറില്ല. താങ്കളുടെ അനുഭവം എങ്ങനെയാണ്?**



REV.GEORGE MATHEN MISSION HOSPITAL, MALLAPALLY
EXTERIOR PERSPECTIVE VIEW

കൊച്ചിയിൽ സോഫ്റ്റ് വെയർ ഡെവലപ്പിംഗ് സെന്റർ തുടങ്ങാൻ പോയപ്പോൾ ഒരുപാട് സുഹൃത്തുക്കൾ എന്നെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചിരുന്നു. കേരളത്തിലെ പണിമുടക്ക് പോലുള്ള നൂലാമാലകൾ ചൂണ്ടിക്കാട്ടി, ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിൽ കമ്പനി തുടങ്ങിക്കൂടെ എന്ന ഉപദേശവും കിട്ടി. പരിശീലനം നൽകിക്കൊണ്ട് മലയാളി



"Are you ready to make memories that will last a lifetime?"
BOOK A GRAND TOUR OF
EUROPE
JUNE 26 – JULY 9, 2024
Escape the everyday and embark on unforgettable adventures with your loved ones
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com

യുവാക്കൾക്ക് തൊഴിലവസരം ഒരുക്കുക എന്ന ആഗ്രഹംകൊണ്ട്, ഞാനെന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ജോലി ചെയ്യുന്ന കമ്പനിയോട് അമേരിക്കയിലുള്ളവർ കുറച്ചുകൂടി ആത്മാർഥത കാണിക്കുന്നുണ്ട് എന്നാണ് എനിക്ക് വ്യക്തിപരമായി തോന്നിയിട്ടുള്ള വ്യത്യാസം. നാട്ടിലുള്ളവർ 100 രൂപ കൂടുതൽ തരാമെന്ന് മറ്റൊരു ഗ്രൂപ്പ് പറഞ്ഞാൽ അങ്ങോട്ടേക്ക് ചാടും. അതല്ലാതെ സർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യമായ ബുദ്ധിമുട്ട് നേരിട്ടിട്ടില്ല. അമേരിക്കയിൽ ഞങ്ങളുടെ പ്രോഡക്ട്സിന് എതിരാളികൾ ഇല്ല.ഇവിടുള്ള 22 സ്റ്റേറ്റുകളിലും കൗണ്ടികളിലും ഹോംലാൻഡ് സെക്യൂരിറ്റി, പൊലീസ്,ഫയർ ഡിപ്പാർട്മെന്റുകളിൽ ഞങ്ങളുടെ ഉത്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. ബ്രാൻഡ് ഏവർക്കും സുപരിചിതമായതുകൊണ്ടുതന്നെ ഇപ്പോൾ പരസ്യം പോലും നൽകേണ്ട ആവശ്യം വരുന്നില്ല.



### കലാ – സാംസ്കാരിക പ്രവർത്തനങ്ങൾ?

വേൾഡ് മലയാളി കൗൺസിൽ എന്ന സംഘടനയിൽ പ്രസിഡന്റ്, ഗ്ലോബൽ ചെയർമാൻ എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ വഹിച്ചു. വൈസ് മെൻ ഇന്റർനാഷണൽ ന്യൂജേഴ്സി പ്രസിഡന്റാണ്. സെൻട്രൽ അമേരിക്കയിലെ ഹോണ്ടുറാസിൽ ഒട്ടേറെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിച്ചു. റീജിയണൽ എഞ്ചിനീയറിംഗ് കോളജിന്റെ അലുമിനി അസോസിയേഷനായ






റെക്ക - യുഎസ്എ യുടെ സ്ഥാപകനും ആദ്യ പ്രസിഡന്റുമാണ്. 20 പേരുമായാണ് തുടങ്ങിയതെങ്കിലും നിലവിൽ ഇപ്പോഴത്തെ തലമുറയില്പെട്ടവർ ഉൾപ്പെടെ 200 ലധികം പേരുണ്ട്.ഓരോ വർഷവും കേരളത്തിൽ നിന്നുള്ള രണ്ട് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യുന്നുണ്ട്. കലാപരമായ കഴിവുകൾ ഇല്ലാത്തതുകൊണ്ട് അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാറില്ല. ക്ലാസിക്കൽ ഇംഗ്ലീഷ് മ്യൂസിക്ക് ആസ്വദിക്കാൻ വലിയ താല്പര്യമാണ്.

### ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭാര്യയും പങ്കാളിയാണല്ലോ?

ഭാര്യ ശാന്ത മോഹൻ മെഡിക്കൽ ഡോക്ടറാണ്. എല്ലാ വർഷവും സമ്പാദ്യത്തിൽ ഒരുപങ്ക് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുന്ന പതിവ് ഞങ്ങൾക്കുണ്ട്.അത്തരത്തിൽ കഴിഞ്ഞ വർഷം, കേരളത്തിൽ ഒരു ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ നൽകാനാണ് ആലോചിച്ചത്. ഞങ്ങളുടെ സിഎസ്ഐ സഭയുടെ ബിഷപ്പായ തോമസ് സാമുവൽ തിരുമേനിയാണ് മല്ലപ്പള്ളി ജോർജ്ജ് മാത്തൻ മിഷൻ ആശുപത്രിയെക്കുറിച്ച് പറഞ്ഞത്. അവിടെ അന്വേഷിച്ചപ്പോൾ ഒരു ഡിജിറ്റൽ എക്സ് റേ മെഷീനാണ് അവർക്ക് കൂടുതൽ ആവശ്യമെന്ന് അറിഞ്ഞു.അതിന്റെ ഇൻസ്റ്റലേഷനുവേണ്ടി പോയപ്പോഴാണ് ആശുപത്രിയുടെ പരിതാപകരമായ അവസ്ഥ നേരിൽക്കണ്ടത്.

### ആശുപത്രി നവീകരണം ഏറ്റെടുക്കാൻ പ്രേരകമായ എന്തെങ്കിലും അനുഭവം?

കുഞ്ഞുനാളിൽ സൺഡേ സ്കൂളിൽ ഞങ്ങൾ കുട്ടികൾ പാടുന്നൊരു ഇംഗ്ലീഷ് ഗാനമുണ്ടായിരുന്നു.അതിന്റെ വരികൾ കൃത്യമായി ഓർമ്മയില്ല.എന്നാൽ,അർത്ഥം മനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടപ്പുണ്ട്. കാണിക്കയിൽ കാലണയും അരയണയും ഇടുമ്പോൾ ഞങ്ങൾ കുരുന്നുകൾ, ഇപ്പോൾ ഞങ്ങൾക്ക് ഇതിനുള്ള പാങ്ങേയുള്ളു,കൂടുതൽ പണം ഉണ്ടാകുന്ന കാലത്ത് കൂടുതൽ തരാമെന്ന് ദൈവത്തോട് പറയുന്നതാണ് ആ ഗാനം. അതേ ഗാനം ആശുപത്രിയുടെ ഇടനാഴിയിൽ വച്ച് ഓർത്തപ്പോൾ,അതൊരു ഉൾവിളിയായി തോന്നി. ദൈവം ഇതിനായി എന്നെ നിയോഗിച്ചതാകാമെന്ന് മനസ്സ് മന്ത്രിച്ചു."എനിക്ക് ദീനം എന്ന് യാതൊരു നിവാസിയും പറകയില്ല" എന്ന ബൈബിൾ വചനം ജനങ്ങൾ ആരോഗ്യത്തോടെ ജീവിക്കണം എന്ന ആശയത്തിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്. പിന്നെ,കൂടുതൽ ചിന്തിക്കാതെ ആശുപത്രിയുടെ നവീകരണം ഏറ്റെടുത്തു. മുപ്പത് കോടി രൂപയുണ്ടെങ്കിലേ അതിന്റെ പണി പൂർത്തിയാക്കാൻ സാധിക്കൂ.


### അത്രവലിയ തുക സമാഹരിക്കാൻ സാധിക്കുമെന്ന് വിശ്വാസമുണ്ടോ?

ഞങ്ങൾക്കൊരു പ്രാർത്ഥനക്കൂട്ടമുണ്ട്. ദൈവത്തിൽ മനസ്സർപ്പിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ആശുപത്രിക്കുവേണ്ടിയുള്ള ഫണ്ട് റെയ്സിംഗിൽ സുമനസ്സുകളുടെ സഹായം ഒഴുകിയെത്തുന്നുണ്ട്. അമേരിക്കയിലെ ധാരാളം മലയാളികൾ കേരളത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് തീവ്രമായി ആഗ്രഹിക്കുന്നവരാണ്. അതിനുള്ള ഒരവസരമായി ഇത് ഏറ്റെടുത്ത് ആശുപത്രിയുടെ പുനർനിർമ്മാണം പൂർത്തീകരിക്കാൻ സഹായിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എങ്ങനെ പോയാലും മൂന്നുനാലുവർഷം വേണ്ടിവരും ഈ പ്രൊജക്റ്റ് പൂർത്തീകരിക്കാൻ.

### റവ.ജോർജ്ജ് മാത്തൻ കേരളത്തിലെയൊരു നവോത്ഥാന നായകനായിരുന്നില്ലേ?

അതെ. ശ്രീനാരായണ ഗുരുവിനും ചട്ടമ്പിസ്വാമികൾക്കും അയ്യങ്കാളിക്കും മുൻപേ കേരളത്തിൽ നവോഥാനത്തിന്റെ തിരികൊളുത്തിയ "മല്ലപ്പള്ളി അച്ചന്" ചരിത്രം അർഹമായ സ്ഥാനം നൽകിയിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്.അടിമ ജാതിയിലെ ജനങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം ആരംഭിച്ചത് അദ്ദേഹമാണ്.മല്ലപ്പള്ളിക്കും അവിടുത്തെ ജനങ്ങൾക്കും അദ്ദേഹം നൽകിയ മഹത്തായ സംഭാവനകൾക്കുള്ള ആദരവായി 1971-ൽ മല്ലപ്പള്ളി ഹോളി ഇമ്മാനുവൽ സിഎസ്ഐ ചർച്ചാണ് ജോർജ്ജ് മാത്തൻ മിഷൻ ഹോസ്പിറ്റൽ സ്ഥാപിച്ചത്.1847 മുതൽ 1863 വരെ തുടർച്ചയായി 16 വർഷം അദ്ദേഹം മല്ലപ്പള്ളി ഇടവകയിൽ സേവനമനുഷ്ഠിച്ചിരുന്നു. കേരളത്തിലെ ഈ പ്രദേശത്തെ ആംഗ്ലിക്കൻ സഭയിലെ ആദ്യത്തെ സ്വദേശി വൈദികനായിരുന്നു റവ. മാത്തൻ.


Now Open to Serve You!
Newly Redesigned Restaurant Interior
We Specialize Indoor and Outdoor Catering
Dilbar
INDIAN RESTAURANT
In An Elegant Atmosphere
Authentic Indian Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057



**സിഐഎസ്ഐ സഭയ്ക്ക് കീഴിലുള്ള മല്ലപ്പള്ളി മിഷൻ ആശുപത്രി പുനർനിർമ്മിച്ചാൽ എത്ര പേർക്ക് അതിന്റെ ഗുണഫലം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്?**

മല്ലപ്പള്ളിയിലുള്ള  അഞ്ചുലക്ഷത്തോളം പേർ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. സിഎസ്ഐ സഭയ്ക്ക് കീഴിലാണെങ്കിലും നാനാമതസ്ഥരും ഇവിടെ ചികിത്സ തേടുന്നുണ്ട്. അതിൽ ഏറെയും ദിവസവേതനക്കാരായ മുസ്‌ലിം സഹോദരങ്ങളാണ്. മതസാഹോദര്യത്തിന്റെ ഒരു സന്ദേശംകൂടി ഇതിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. മതമോ വർണ്ണമോ വർഗ്ഗമോ നോക്കാതെ മനുഷ്യനെ മനുഷ്യനായി കാണാൻ എല്ലാവർക്കും കഴിയണം.

**കുടുംബം?**

ഞാനുംഭാര്യയുംമകളുംമകനും അടങ്ങുന്ന സന്തുഷ്ട കുടുംബം. മക്കൾ വിവാഹിതരായി രണ്ടുപേർക്കും ഓരോ മക്കൾ. മൂത്തയാൾ ശില്പ എംബിഎ കരസ്ഥമാക്കിയത് കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീൻ ലിസ്റ്റിൽ ഒന്നാം റാങ്കോടെയാണ്. യുഎസ് ബിസിനസ് ഇപ്പോൾ പൂർണമായും നോക്കി നടത്തുന്നത് മകളാണ്. ഇന്ന് കാണുന്ന രീതിയിൽ കമ്പനിയെ എത്തിച്ചതിൽ ശിൽപയുടെ പ്രയത്നം ചെറുതല്ല. മകളുടെ ഭർത്താവ് കൗഷിക് ലക്ഷ്മണൻ ആമസോണിൽ ഒരു ഡിപ്പാർട്മെന്റിന്റെ മേധാവിയാണ്.അവരുടെ മകൻ ആദി. ഇളയയാൾ ഷെയ്ൻ, ഷിക്കാഗോയിലെ പ്രശസ്തമായ ബൂത്ത് ബിസിനസ് സ്കൂളിൽ നിന്ന് മാനേജ്മെന്റിൽ എം.ബി.എ പൂർത്തിയാക്കിയ ശേഷം, "മെഷറബിൾ" എന്ന അമേരിക്കൻ കമ്പനിയുടെ ഗ്ലോബൽ വൈസ്-പ്രസിഡന്റായി ജോലി ചെയ്യുന്നു . മരുമകൾ ആൻ ഒരു എൻ.ജി.ഓ യിൽ പ്രവർത്തിക്കുകയാണ്. അമേരിക്കനാണെങ്കിലും മകനേക്കാൾ മലയാളിത്തം ആനിനാണ്. നമ്മുടെ സംസ്കാരത്തെയും കലകളെയും അവർ അങ്ങേയറ്റം ബഹുമാനിക്കുന്നുണ്ട്.കയാൻ എന്നാണ്



അവരുടെ കുഞ്ഞിന്റെ പേര്.പേരക്കുട്ടികൾ രണ്ടുപേരും മലയാളം പഠിക്കുന്നുണ്ട്. ചാരിറ്റി പ്രവർത്തനങ്ങൾക്കും കുടുംബത്തിന്റെ പൂർണമായ പിന്തുണയുണ്ട്.

**ഭാവിപരിപാടികൾ?**

അടുത്ത മൂന്നുനാലു വർഷത്തേക്ക് മല്ലപ്പള്ളി മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഇടയ്ക്കിടെ നാട്ടിലേക്ക് പോകേണ്ടിവരും. ഇന്ത്യയിലെ ഏഴ് സ്റ്റേറ്റുകളിൽ ഞങ്ങളുടെ പ്രോഡക്ട് ഉണ്ട്. അതിന്റെ മേൽനോട്ടം വഹിക്കുന്നത് ഞാനാണ്. ആഫ്രിക്കയിലെ ഗാനയിലുള്ള ഞങ്ങളുടെ  ഓഫീസ് അടുത്ത വർഷത്തോടെ നിർത്താനാണ് ഉദ്ദേശിക്കുന്നത്.  മൂന്നുനാലു പേരുമായി ചേർന്ന് മറ്റൊരു ബ്രഹത്തായ കമ്പനി ഏറ്റെടുക്കാനും പദ്ധതിയുണ്ട്.





Helping Families Build
A BETTER FINANCIAL FUTURE!
ABRAHAM
&ASSOCIATES
Jacob Abraham
516.244.5941
Sherin Abraham
516.312.5849
Jayden Abraham
516.996.8077
Independent Financial Service Representatives Affiliated with
More Than 70 Leading Companies Serving all 50 States
SERVICES INCLUDE
RETIREMENT PLANNING | TAX FREE RETIREMENT | GROW YOUR MONEY WITH DOWNWARD
PROTECTION | ASSET PROTECTION STRATEGIES | 401K, 403B, IRA ROLLOVERS
DEBT MANAGEMENT | LONG TERM CARE DISABILITY INSURANCE | FIXED INDEXED ANNUITIES
COLLEGE PLANNING OTHER THAN 529 | LIFE INSURANCE WITH LIVING BENEFITS
OUR PRODUCT | PROVIDER LINE INCLUDES
Lincoln
Global Atlantic
Allianz
Pacific Life
Prudential Financial
Fidelity
ATHENE
Everest
Minnesota Life
Protective
OneAmerica
AIG
NA
MetLife
Securian
VOYA
Transamerica
Nationwide
SYMETRA
Principal
Assurity
AXA
Foresters Financial
PennMutual
A great opportunity to partner with us to start your business! We provide free financial education and analysis.
Contact us For The Best Tax free retirement strategy or for any other financial needs. eMail: sherinjake@gmail.com

# ഡോ. മധു നമ്പ്യാർ: ശാസ്ത്രരംഗത്തെ മികവുമായി ഫോമാ നേതൃത്വത്തിലേക്ക്



ചിലർ കാലെടുത്തു കുത്തുമ്പോൾ തന്നെ മാറ്റങ്ങൾ ആരംഭിക്കുന്നു എന്ന ചൊല്ല് ഡോ. മധു നമ്പ്യാരുടെ ഫോമാ ഇലക്ഷനിലേക്കുള്ള വരവ് അന്വർത്ഥമാക്കുന്നതാണ്. മാറ്റങ്ങളും മികവും ആണ് അദ്ദേഹം എന്നും ലക്ഷ്യമിടുന്നത്.

പല രംഗത്തും നേട്ടങ്ങൾ കൈവരിച്ച ശാസ്ത്രജ്ഞൻ സംഘടനാ പ്രവർത്തനത്തിന് വരുന്നത് അത്ര സാധാരണമല്ല. സൗമ്യമായ പെരുമാറ്റത്തിലൂടെ എല്ലാവരുമൊത്തു പ്രവർത്തിക്കുന്ന ഡോ. നമ്പ്യാരുടെ പ്രൊഫഷണൽ ബാക്ക്ഗ്രൗണ്ട് അറിയുമ്പോഴാണ് ഈ വ്യത്യസ്തത വ്യക്തമാകുന്നതും.

വ്യത്യസ്തമായ സംഘടനാ പ്രവർത്തനം ലക്ഷ്യമിട്ടാണ് ഡോ. നമ്പ്യാർ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. സംഘടനയിലെ പലകാര്യങ്ങളിലും മാറ്റം വേണമെന്നും വേറിട്ട് ചിന്തിക്കുന്ന ആളുകൾ കൂടുതലായി നേതൃത്വത്തിലേക്ക് വരണമെന്നും അദ്ദേഹം കരുതുന്നു.

നമ്പ്യാരെപ്പറ്റി എല്ലാവര്ക്കും തന്നെ അറിയാമെങ്കിലും കൂടുതൽ അറിയില്ല എന്നതാണ് വസ്തുത.

കാസർകോട് സ്വദേശിയായ ഡോ. മധു നമ്പ്യാർ മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ നിന്ന് സയൻസ് ബിരുദം നേടി മണിപ്പാലിലെ കസ്തൂർബ മെഡിക്കൽ കോളേജിൽ നിന്ന് ക്ലിനിക്കൽ കെമിസ്ട്രി ആൻഡ് ന്യൂട്രീഷൻ, ഹ്യൂമൻ അനാട്ടമി, ഫിസിയോളജി എന്നിവ ഉൾപ്പെടുന്ന മെഡിക്കൽ ബയോകെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദവും നേടി.


ഹ്യൂമൻ അനാട്ടമി/ഓസ്റ്റിയോളജി വിഷയങ്ങളിൽ കുറച്ചു കാലം അധ്യാപകനായിരുന്നു. തുടർന്ന് തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ (SCTIMST) ന്യൂറോകെമിസ്ട്രി വിഭാഗത്തിൽ മെഡിക്കൽ ബയോകെമിസ്ട്രിയിൽ പിഎച്ച്.ഡി ചെയ്തു. കാർഡിയാക് സർജറിയിലും ന്യൂറോ സർജറിയിലും എംസിഎച്ച് ബിരുദങ്ങളും കാർഡിയോളജിയിലും ന്യൂറോളജിയിലും ഡിഎം ബിരുദങ്ങളും വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച മെഡിക്കൽ സ്ഥാപനങ്ങളിലൊന്നാണ് SCTIMST.

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സഞ്ചരിച്ച് കേരളത്തെ അങ്ങോളമിങ്ങോളം നന്നായി അറിഞ്ഞ വ്യക്തിയാണ് ഡോ.നമ്പ്യാർ.

ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സെന്റർ ഫോർ ബയോ എൻജിനിയറിംഗിൽ ജോലി ചെയ്ത ആദ്യത്തെ ശാസ്ത്രജ്ഞരിൽ ഒരാൾ കൂടിയായ അദ്ദേഹം അത് ഇന്ത്യാഗവണ്മെന്റിന്റെ ബയോടെക്നോളജി വകുപ്പിന്റെ ഭാഗമാക്കുകയും ചെയ്തു.

ബയോമെഡിക്കൽ ശാസ്ത്രജ്ഞൻ ആയ അദ്ദേഹം ഇപ്പോൾ മെഡിക്കൽ ഡിവൈസസ് ആൻഡ് ടെക്നോളജി, ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്.ഡി.എ) എന്നിവിടങ്ങളിൽ പോളിസി അഡ്വൈസറായി പ്രവർത്തിക്കുന്നു.

യൂണിഫോംഡ് സർവീസസ് യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്,




the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is Guaranteed to be a Great Dine Experience








നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞനായും അദ്ദേഹം പ്രവർത്തിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ഗവേഷണ മികവിന് നൽകുന്ന ആദ്യ ഫെലോസ് അവാർഡും യൂണിഫോംഡ് സർവീസസ് യൂണിവേഴ്സിറ്റി നൽകുന്ന മെഡിസിനിലെ മികച്ച പേപ്പറിനുള്ള ജോൺ മഹർ അവാർഡും അദ്ദേഹം നേടി.

വാൾട്ടർ റീഡ് ആർമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച് ഗവേഷകനായി പ്രവർത്തിക്കുമ്പോൾ മസ്തിഷ്ക-രക്ത തടസങ്ങൾ കടന്ന് ടോക്സിക്ക് ഏജന്റുകളെ നിർവീര്യമാക്കാനുള്ള മരുന്ന് കണ്ടുപിടിച്ചതിന് ഏറ്റവും ഉന്നതമായ മിലിട്ടറി സയൻസ് ആൻഡ് എഞ്ചിനീയറിംഗ് അവാർഡും പോൾ സിപ്പിൾ മെഡലും (സേനാവിഭാഗത്തിലെ നോബൽ സമ്മാനമായി കണക്കാക്കപ്പെടുന്നു) നേടി.

ശാസ്ത്ര ജേർണലുകളിൽ നിരൂപണങ്ങളും പുസ്തക അധ്യായങ്ങളും ഉൾപ്പെടെ 100-ലധികം പിയർ-റിവ്യൂഡ് ഗവേഷണ ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഈ നേട്ടം കൈവരിക്കുക അത്ര എളുപ്പമല്ല. കഠിനമായ പരിശ്രമം ഈ കാര്യത്തിൽ വേണം. അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്ത പോസ്റ്റ്ഡോക്ടറൽ ഫെലോകളും മറ്റു വിദ്യാർത്ഥികളും നിരവധി അവാർഡുകൾ നേടി.

പ്രൊഫഷണൽ എന്ന നിലയിലുള്ള നേട്ടങ്ങളിൽ ചിലതാണിവ. സംഘടനാ തലത്തിലേക്ക് വരുമ്പോൾ ഫോമായുടെ പ്രധാന പരിപാടികളിലൊക്കെ ഡോ. നമ്പ്യാരെ കാണാം. നിരവധി പരിപാടികളുടെ ചുക്കാൻ പിടിക്കുന്നതും അദ്ദേഹം തന്നെ.

ഫോമ കാപിറ്റൽ റീജിയനിൽ നിന്നുള്ള നാഷണൽ കമ്മറ്റി അംഗവും ആർവിപിയും ആയ ഡോ. നമ്പ്യാർ വിമൻസ് ഫോറം, സീനിയേഴ്സ് ഫോറം, യൂത്ത് ഫോറം, ജൂനിയേഴ്സ് അഫയേഴ്സ്, കൾച്ചറൽ അഫയേഴ്സ്, ഹെൽപ്പിംഗ് ഹാൻഡ്സ്, തുടങ്ങി വിവിധ ഘടകങ്ങൾ സംഘടിപ്പിച്ച മിക്ക പരിപാടികളിലും മുന്നിലുണ്ട്. ദീർഘമായ ബൈലോ അവലോകന യോഗങ്ങളിലും പങ്കെടുത്തു. ലിറ്ററി ഫോറം, മാഗസിൻ കമ്മിറ്റി യോഗങ്ങൾ, സിബി ഡേവിഡും സംഘവും നേതൃത്വം നൽകിയ സാന്ത്വന സംഗീതം എന്നീ പ്രോഗ്രാമുകളിലും അദ്ദേഹം സജീവമായിരുന്നു.

ഫോമയുടെ ഓണത്തിന് മഹാബലിയായും ക്രിസ്മസിന് സാന്താ ക്ലോസായും അദ്ദേഹം സമ്മാനപ്പൊതികളുമായെത്തി.

FOMAA 2022-24 പ്രവർത്തനവർഷത്തിൽ അദ്ദേഹം പരമാവധി പരിപാടികൾ സംഘടിപ്പിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ വസരങ്ങൾ നൽകുകയും ചെയ്തു. FOMAA മിഡ്-ഇയർ ജനറൽ ബോഡിയിൽ, FOMAA ക്യാപിറ്റൽ റീജിയന്റെ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയത് ശ്രദ്ധിക്കപ്പെട്ടു.

രണ്ട് റീജിയണുകൾ ഒന്നിച്ച് പരിപാടികൾ സംഘടിപ്പിക്കുക എന്ന ആശയവും അദ്ദേഹം കൊണ്ടുവന്നു. ഇത് കൂടുതൽ പേർക്ക് പ്രയോജനമാകും. സംഘാടനം എളുപ്പമാവും. ചെലവും വിഭജിക്കപ്പെടും.



ഇപ്പോൾ അദ്ദേഹം ഒരു നാഷനൽ ചെസ്സ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു. ദേശീയ തലത്തിൽ അതിനു പ്രതികരണം ലഭിക്കുന്നു.

മേരിലാൻഡിലെ മൗണ്ട് എയറിയിലാണ് ഡോ. നമ്പ്യാർ കുടുംബത്തോടൊപ്പം താമസിക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യ പാലക്കാട്ടെ ബി.പി.എല്ലിലെ ആദ്യ വനിതാ ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയർമാരിൽ ഒരാളാണ്. അവർ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രോണിക്സ്, ടെലികമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ബിരുദാനന്തര ബിരുദവും നേടി വാഷിംഗ്ടൺ ഡിസിയിലെ ഫെഡറൽ ഏജൻസിയിൽ ജോലി ചെയ്യുന്നു.

ഈ ദമ്പതികളുടെ രണ്ട് പുത്രന്മാരും ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കുന്നു. ഗുരു ജാനകി ശിവരാമന്റെ (എം.ജി.ആറിന്റെ മകളും പ്രശസ്ത ക്ലാസിക്കൽ നർത്തകി പത്മഭൂഷൺ ഡോ. പത്മ സുബ്രഹ്മണ്യത്തിന്റെ വിദ്യാർത്ഥിനിയും) കീഴിൽ 2018 ൽ അരങ്ങേറ്റം നടത്തിയ ക്ലാസിക്കൽ ഭരതനാട്യം നർത്തകർ കൂടിയാണ് അവർ . കോളേജ് ഡാൻസ് (ലെജൻഡ്സ്) മത്സരങ്ങളിൽ അമേരിക്കയിലെ ഏറ്റവും നല്ല ഡാൻസറായും ടീമിന് രണ്ടാം സ്ഥാനവും നേടിയ ഇവർ ലോകോത്തര നിലവാരത്തിലുള്ള ബോളിവുഡ് നർത്തകരുമാണ്.

യുഎസ്എ ഫ്ളവേഴ്സ് ടിവിയും ഇപ്പോഴത്തെ ഫോമാ എന്റർടൈൻമെന്റ് ചെയറും




"Are you ready to make memories that will last a lifetime?"
HIGHLIGHTS OF
COSTA RICA
JULY 31 - AUGUST 8, 2024
"At Faith Holidays, we understand the importance of shared experiences."
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com




ചേർന്ന് സംഘടിപ്പിച്ച അറ്റ്ലാന്റ ടാലന്റ് അരീന നൃത്ത മത്സരങ്ങളിൽ സെമി ക്ലാസിക്കൽ, സിനിമാറ്റിക് നൃത്തത്തിൽ ഒന്നാം സമ്മാനവും അവർ സ്വന്തമാക്കി. എആർ റഹ്മാന്റെ സംഗീതക്കച്ചേരിയുടെ പിന്നാലെ 18th ഇന്റർനാഷണൽ ഇന്ത്യൻ ഫിലിം അക്കാദമി അവാർഡ് ഷോയിൽ നിരവധി ബോളിവുഡ് താരങ്ങൾക്കൊപ്പം ന്യൂയോർക്ക് മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ നൃത്തം ചെയ്തും ഇവർ തിളങ്ങി. അതോടൊപ്പം തന്നെ ആദ്യ സമ്മർ ടു കേരള പ്രോഗ്രാമിലും അവർ പങ്കെടുത്തു. കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടണിലെ കലാപ്രതിഭയും റൈസിംഗ് സ്റ്റാർ കലാപ്രതിഭയുമായിരുന്നു ഇവർ.

ഫോമയോടും ഫോമാ കുടുംബതോടും ഹൃദയത്തിന്റെ ഉള്ളിൽ നിന്നുമുള്ള അഗാധമായ ആദരവാണ് ഡോ. നമ്പ്യാർക്ക്. അതോടൊപ്പം ഫോമയുടെ പ്രവർത്തനങ്ങളോട് സജീവ താത്പര്യവും അദ്ദേഹം കാത്തുസൂക്ഷിക്കുന്നു. സാമൂഹിക സേവനത്തിനുള്ള അദ്ദേഹത്തിന്റെ താത്പര്യം ഏറെ ശ്രദ്ധിക്കപ്പെടുന്നു.






ഇ–മലയാളി വാരികയ്ക്ക്
ആശംസകൾ
ഡോ. കല അശോക്
ഫൊക്കാനക്ക് പുതിയ മേൽവിലാസം
നൽകിയ ജനറൽ സെക്രട്ടറി.
പ്രശസ്ത നർത്തകിയും കലാ–
സംസ്കാരിക പ്രവർത്തകയും.
ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ
ആദ്യ വനിതാ ജനറൽ സെക്രട്ടറി.
2024–26 ലെ പ്രസിഡന്റ് സ്ഥാനാർഥി
Faith Studio
516 418 8406



# കർണാടക ഡെപ്യുട്ടി മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ ഫോമാ കൺവൻഷനിലേക്ക്

ന്യൂ യോർക്ക്/ബാങ്കളൂർ: കർണാടക ഡെപ്യൂട്ടി മുഖ്യമന്ത്രിയും ഇന്ത്യൻ രാഷ്ട്രീയത്തിലെ കരുത്തരായ നേതാക്കളിൽ ഒരാളുമായ ഡി.കെ. ശിവകുമാർ ഫോമാ സമ്മേളനത്തിലേക്ക്. ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് ബാങ്കളൂരിൽ നേരിട്ടെത്തിയാണ് പി.സിസി പ്രസിഡന്റ് കൂടിയായ അദ്ദേഹത്തെ ക്ഷണിച്ചത്. 'വരാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഓഗസ്റ്റിൽ കൺവൻഷൻ ആകുമ്പോഴേക്കും ലോക് സഭാ ഇലക്ഷൻ കഴിഞ്ഞിരിക്കുമെന്നും അതിനാൽ കൺവൻഷനു വരാൻ മറ്റു തടസങ്ങളൊന്നും ഇല്ലെന്നുമാണ് അറിയിച്ചത്. തന്നെ ക്ഷണിച്ചതിൽ ഫോമായോടുള്ള പ്രത്യേക നന്ദിയും അദ്ദേഹം അറിയിച്ചു,' ഡോ. ജേക്കബ് തോമസ് പറഞ്ഞു.

മലയാളികളുടെ വലിയ സാന്നിധ്യവും ഐടി മേഖലയുടെ കേന്ദ്രവുമായ ബാങ്കളൂരിൽ കോൺഗ്രസ് ഭരണം തിരിച്ചു പിടിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് ശിവകുമാറായിരുന്നു. മറ്റു സ്റ്റേറ്റുകളിലും പാർട്ടി മന്ത്രിസഭകളും മറ്റും പ്രാതിസന്ധി നേരിടുമ്പോൾ ട്രബിൾഷൂട്ടറായി പോകുന്നതയും അദ്ദേഹമാണ്. അങ്ങനെയൊരാളെ കൺവൻഷനിൽ പങ്കെടുപ്പിച്ചാൽ നന്നായിരിക്കുമെന്ന് പലരും അഭ്യർത്ഥിച്ചതനുസരിച്ചാണ് അദ്ദേഹത്തെ പോയി കണ്ടതെന്ന് ജേക്കബ് തോമസ് പറഞ്ഞു.

കേരളീയരുമായി നല്ല ബന്ധം പുലർത്തുന്ന അദ്ദേഹം ഏറെ താല്പര്യത്തോടെയയാണ് ക്ഷണം സ്വീകരിച്ചത്. അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ അവസ്ഥയും ഫോമായുടെ പ്രവർത്തനങ്ങളും അദ്ദേഹം ചോദിച്ചറിഞ്ഞു.

ഓഗസ്റ്റ് 8 മുതൽ 11 വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ ലോകപ്രശസ്തമായ പുന്റാ കാനയിലെ ബാർസലോ ബവാരോ പാലസ് റിസോർട്ടിൽ നടക്കുന്ന കൺവൻഷനിൽ കേരളത്തിൽ നിന്നുള്ള ഒരു മന്ത്രിയും എം.എൽ.എ. മാരും രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുന്നു. കിണ്വന്ഷന്റെ രജിസ്ട്രേഷൻ ഓൺലൈനിൽ മുന്നേറുന്നു. വിമാന ടിക്കറ്റ് നേരത്തെ എടുക്കുന്നതായിയ്ക്കും കുറഞ്ഞ നിരക്കിൽ കിട്ടുന്നതിന് നല്ലതെന്നും അദ്ദേഹം പറഞ്ഞു.

ഏഴു തവണ നിയമസഭാംഗം, നാല് തവണ സംസ്ഥാന കാബിനറ്റ് വകുപ്പ് മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ച ശിവകുമാർ നിലവിൽ സംസ്ഥാന ഉപ-മുഖ്യമന്ത്രിയും കർണാടക പി.സി.സി പ്രസിഡൻറുമാണ് ദൊദ്ദലഹള്ളി കെമ്പഗൗഡ ശിവകുമാർ അഥവാ ഡി.കെ.എസ് എന്നറിയപ്പെടുന്ന ഡി.കെ.ശിവകുമാർ , 62.ഇന്ത്യയിലെ ഏറ്റവും വലിയ ധനികനായ നിയമസഭാംഗം എന്ന നിലയിലാണ് ശിവകുമാർ അറിയപ്പെടുന്നത്. 2018-ലെ നിയമസഭ തിരഞ്ഞെടുപ്പിലെ സ്വത്ത് വിവരമനുസരിച്ച് ഏകദേശം 840 കോടി രൂപയുടെ ആസ്തിയാണ് ശിവകുമാറിന് ഉള്ളത്

കഴിഞ്ഞ തവണ കാങ്കുനിൽ കൺവൻഷൻ നടത്തിയപ്പോൾ മുൻ കേന്ദ്രമന്ത്രി തമിഴ്നാട്ടുകാരനായ നെപ്പോളിയൻ പങ്കെടുത്തിരുന്നു. ദേവാസുരം സിനിമയിൽ മുണ്ടക്കൽ ശേഖരനെ അവതരിപ്പിച്ചു മലയാളികൾക്കിടയിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു.



ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു

# സണ്ണി കല്ലൂപ്പാറ

## ഫോമാ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി; പ്രവർത്തന മികവിന് ഒരു വോട്ട്



എ.എസ് ശ്രീകുമാർ

ന്യൂയോർക്ക്: കലാ-സാംസ്കാരിക-സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി നൈനാൻ ഫോമാ 2024-"26 ഭരണ സമിതിയുടെ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മൽസരിക്കുന്നു. ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം തന്റെ നിസ്തുലമായ സംഘാടന മികവിന്റെ സുതാര്യതയോടെയാണ് ഇപ്പോൾ ജനവിധി തേടുന്നത്. പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന പ്രമുഖ സംഘാടകൻ തോമസ് ടി ഉമ്മൻ, സണ്ണി കല്ലൂപ്പാറയുടെ സ്ഥാനാർത്ഥിത്വം ഫോമായുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് അറിയിച്ചു.

''മോഹന വാഗ്ദാനങ്ങളൊന്നും നൽകുന്നില്ല. ഫോമാ എന്ന ഈടുറ്റ ജനകീയ പ്രസ്ഥാനത്തിനുവേണ്ടി ഇതുവരെ ചെയ്യാൻ സാധിച്ച എന്റെ എളിയ സേവനങ്ങളെ വിലയിരുത്തി പ്രിയപ്പെട്ട എല്ലവരോടും വോട്ട് അഭ്യർത്ഥിക്കുന്നു...'' സണ്ണി കല്ലൂപ്പാറ പറഞ്ഞു.


സിനിമ-നാടക-സീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമെന്ന നിലയിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായ സണ്ണി കല്ലൂപ്പാറയുടെ ജനപക്ഷമുഖമാണ്, 1984-ൽ അമേരിക്കയിലെത്തിയ അദ്ദേഹത്തെ ഏവർക്കും സ്വീകാര്യനാക്കുന്നത്. അമേരിക്കൻ മലയാളികളുടെ ആശയും അഭിനിവേശവുമായ ഫോമായുടെ ഇതുവരെയുള്ള മിക്കവാറും കൺവൻഷനുകളുടെ മൂന്നും നാലും കമ്മിറ്റികളിൽ സജീവമായി പ്രവർത്തിച്ച വ്യക്തിയാണ് സണ്ണി കല്ലൂപ്പാറ. അവയുടെയൊക്കെ ചരിത്ര വിജയത്തിന് പിന്നിലെ ഇദ്ദേഹത്തിന്റെ ക്രിയാത്മക പങ്കാളിത്തത്തെപ്പറ്റി ഫോമായുടെ മുൻകാല പ്രസിഡന്റുമാർക്കും നിലവിലുള്ള പ്രസിഡന്റിനുമൊക്കെ അറിയാവുന്നതാണ്.

സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ സണ്ണി കല്ലൂപ്പാറ. അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാ-സാംസ്കാരിക-സാമൂഹിക-സംഘടനാ തലങ്ങളിൽ സജീവമായ സണ്ണി കല്ലൂപ്പാറ മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റായി. നിലവിൽ സംഘടനയുടെ വൈസ് പ്രസിഡന്റാണ്.

ഫോമായുടെ എമ്പയർ റീജിയൻ ട്രഷററായിരുന്ന സണ്ണി കല്ലൂപ്പാറ ഫോമാ ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫിലാഡൽഫിയ കൺവൻഷനിലെ കോ-ഓഡിനേറ്ററായും തിളങ്ങി. ഫോമാ ഷിക്കാഗോ കൺവൻഷൻ ബെസ്റ്റ് കപ്പിൾ മൽരത്തിന്റെ ജഡ്ജായിരുന്നു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്. "ആരും പറയാത്ത കഥ" എന്ന നാടകത്തിലെ അഭിനയ മികവിനായിരുന്നു ഈ അംഗീകാരം.

സണ്ണി കല്ലൂപ്പാറ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ്


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727




പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് അസംബ്ലി അംഗമാണ്.

ന്യൂയോർക്കിലെ ക്രോമലോയിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന സണ്ണി കല്ലൂപ്പാറ തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അഭിനയത്തെ നെഞ്ചോട് ചേർക്കുന്ന തികഞ്ഞ കലാകാരനാണ്. അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200-ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലൂടെ ഒട്ടനവധി ജനസദസുകളിൽ ഇന്നും സജീവമായി നാടകങ്ങൾ അവതരിപ്പിച്ചു വരുന്നു.

ഫിലഡൽഫിയയിലെ മാനുഷി നാടകോത്സവത്തിൽ വ്യുവേഴ്സ് ചോയിസ് ബെസ്റ്റ് ആക്റ്ററായി. വെസ്റ്റ്ചെസ്റ്ററിലെ യൂണിഫെസ്റ്റ് 91ൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു. വാഷിങ്ടൺ ഡി.സിയിൽ നടന്ന ഇന്റർനാഷണൽ ഫിലിംഫെസ്റ്റ് വേദിയിൽ നിന്ന് ബെസ്റ്റ് ആക്ടർ അവാർഡും സ്വന്തമാക്കി.

പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻകാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് സണ്ണി ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

അമേരിക്കൻ മലയാളികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചുമുള്ള ജനപ്രിയ കഥാപാത്രങ്ങളുടെ വേഷപ്പകർച്ചയുമായാണ് സണ്ണി കല്ലൂപ്പാറ ജൈത്രയാത്ര തുടരുന്നത്. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ "ഫെയ്സ്ബുക്ക് ജോപ്പ്"നിലെ മുഴുനീള കഥാപാത്രമായ ജോപ്പനും "നാടൻ വൈബ്സ്"ലെ വർക്കിയും "കപ്പ ആന്റ് ക്രൊയ്സാന്റ്സ്"ലെ ചാക്കോയും അരങ്ങ് തകർത്താടിയവയാണ്. നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഈ വ്യത്യസ്ത മുഖങ്ങളെ തൻമയത്വത്തോടെ സണ്ണി കല്ലൂപ്പാറ അവതരിപ്പിക്കുമ്പോൾ അവർ സ്വാഭാവിക വ്യക്തികളായി മാറുന്നു.

തിരുവല്ലയ്ക്കു സമീപം കല്ലൂപ്പാറ പേരാലുംമൂട്ടിൽകുടുംബാംഗമായസണ്ണിനൈനാൻ കർമ്മ ഭൂമിയിലെ തന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും കലാ ജീവിതത്തിനും കൈത്താങ്ങായി നിന്ന എല്ലാ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. നാളിതുവരെയുള്ള തന്റെ കലാസപര്യയിലൂടെ നേടിയ പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സണ്ണി കല്ലൂപ്പാറ വിനിയോഗിച്ചത്. ഇനിയും ആ സഹജീവി സ്നേഹത്തിന്റെ പാതപിന്തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

അമേരിക്കൻ മലയാളി സമൂഹത്തിലെ മുതിർന്ന സംഘടനാ നേതാവ് തോമസ് ടി ഉമ്മൻ പ്രസിഡന്റ് സ്ഥാനാർഥിയായിട്ടുള്ള പാനലിലാണ് സണ്ണി കല്ലൂപ്പാറ വൈസ് പ്രസിഡന്റായി മത്സരിക്കുന്നത്. സാമുവേൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), ഡോ. പ്രിൻസ് നെച്ചിക്കാട്ട് ഡി.ബി.എ (ജോയിന്റ് സെക്രട്ടറി), അമ്പിളി സജിമോൻ (ജോയിന്റ് ട്രഷറർ), എന്നിവരാണ് മറ്റ് സ്ഥാനാർഥികൾ.

പെമോണയിൽ നേഴ്സ് മാനേജരായിരുന്ന ജെസി ആണ് സണ്ണി കല്ലൂപ്പാറയുടെ ഭാര്യ. ഇപ്പോൾ റോക്ക്ലാൻഡ് സൈക്യാട്രി സെന്ററിൽ ജോലി ചെയ്യുന്ന ജെസിക്ക് കൊറോണക്കാലത്തെ സേവനങ്ങൾ മാനിച്ച് ന്യൂയോർക്ക് സ്റ്റേറ്റിലെ ഏറ്റവും മികച്ച നേഴ്സിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളായ ജെയ്സൺ, ജോർഡൻ, ജാസ്മിൻ എന്നിവർ മക്കൾ.


VOTE FOR FOKANA
Team Legacy 2024 - 2026
Executive Committee
We Stand For "One FOKANA"
Dr Kala Shahi
Presidential Candidate
Washington, D.C.
George Panicker
General Secretary
Chicago
Rajan Samuel
Treasurer
PA
Shaju Sam
Executive Vice President
New York
Roy George
Vice President
Canada
Biju Thoombil
Associate Secretary
Boston
Santhosh Ayipe
Associate treasurer
Houston Texas
Devassy Palatty
Addl Associate
treasurer
New jersey
Nisha Eric
Women's
Forum Chair
Chicago
Dr. Aju Oommen
Addl Associate
Secretary
New York

# പൗരത്വ ഭേദഗതി നിയമം ആവശ്യമോ?




**ബാബു പാറയ്ക്കൽ**

ഭാരത സർക്കാർ "പൗരത്വ ഭേദഗതി നിയമം" നടപ്പിലാക്കാൻ ഉത്തരവിറക്കി. അതിനെതിരായി പല സംസ്ഥാനങ്ങളിലും പ്രതിഷേധം ആളിക്കത്തുകയാണ്. എന്താണ് ഈ നിയമം കൊണ്ട് അർഥമാക്കുന്നത്? ഈ നിയമം നടപ്പിലാക്കിയാൽ ഇന്ത്യയിലെ മുസ്ലിങ്ങളുടെ ഗതി എന്താവും? ഇന്ത്യയിൽ നിന്നും മുസ്ലിങ്ങളെ പുറത്താക്കാനുള്ള പ്രാരംഭ നടപടിയാണോ ഇത്? ഈ വൈകാരികമായ പ്രതിഷേധം എന്തിനാണ്? പ്രതിഷേധിക്കുന്നവരുടെ ലക്ഷ്യമെന്താണ്? അതിനു കേന്ദ്ര സർക്കാർ വഴങ്ങുമോ? ഈ നിയമ പ്രാബല്യത്തിനും പ്രതിഷേധത്തിനും ആസന്നമായ തെരഞ്ഞെടുപ്പുമായി എന്തെങ്കിലും ബന്ധമുണ്ടോ? അങ്ങനെ സാമാന്യ ജനങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളുടെ ഒരു നീണ്ട നിര തന്നെയുണ്ട്.

ആദ്യം തന്നെ ഈ "പൗരത്വ ഭേദഗതി നിയമം" അഥവാ "CAA' (Citizens Amendment Act) എന്താണെന്ന് നോക്കാം. അതിനു മുൻപേ ഈ നിയമം കൊണ്ടുവരാനുള്ള സാഹചര്യം എന്താണെന്നു കൂടി അറിയണം. 1947 ലെ ഇന്ത്യാ വിഭജന കാലത്തു മുസ്ലിങ്ങൾക്ക് പ്രത്യേക രാജ്യം വേണമെന്ന അവരുടെ ശാഠ്യം ബ്രിട്ടീഷ്-ഇന്ത്യൻ നേതാക്കൾ അനുവദിച്ചുകൊടുത്തിട്ടാണ് പാക്കിസ്ഥാൻ എന്ന മുസ്ലിം രാജ്യം ജന്മം കൊള്ളുന്നത്. ഇന്ത്യയിൽ നിന്നും ധാരാളം മുസ്ലിങ്ങൾ പാക്കിസ്ഥാനിലേക്കും അവിടെ വസിച്ചിരുന്ന ധാരാളം ഹിന്ദുക്കൾ ഇന്ത്യയിലേക്കും മാറ്റപ്പെട്ടു. അതിന്റെ പേരിൽ ജീവഹാനി സംഭവിച്ചവർ ആയിരക്കണക്കിനാണ്. അതൊക്കെ ചരിത്രം. എന്നാൽ തലമുറകളായി പാക്കിസ്ഥാനിലും ബംഗ്ലാദേശിലും അഫ്ഗാനിസ്ഥാനിൽ പോലും വസിച്ചിരുന്ന അമുസ്ലിങ്ങളിൽ വലിയൊരു ശതമാനം അവിടെ തന്നെ തുടരാൻ തീരുമാനിച്ചു. വർഷങ്ങളുടെ കഠിനാധ്വാനം കൊണ്ട് ഉണ്ടാക്കിയെടുത്ത സ്വത്തു വകകളൊക്കെ അവിടെ ഉപേക്ഷിച്ചു യാതൊന്നുമില്ലാതെ കുഞ്ഞുങ്ങളുടെ കൈക്കു പിടിച്ചു പലായനം ചെയ്യാൻ അവർ തയ്യാറല്ലായിരുന്നു. അന്ന് അങ്ങനെ പാക്കിസ്ഥാൻ ജന്മം എടുത്തപ്പോൾ ജനസംഖ്യയുടെ ഏതാണ്ട് 22 ശതമാനം ഹിന്ദുക്കളും സിഖുകാരും ജൈനരും ബുദ്ധരും പാഴ്സികളും ക്രിസ്ത്യാനികളും അടങ്ങുന്ന അമുസ്ലിങ്ങളായിരുന്നു. അതുപോലെ തന്നെ ഇന്ത്യയിൽ തലമുറകളായി വസിച്ചിരുന്ന ധാരാളം മുസ്ലിങ്ങളും പാക്കിസ്ഥാനിലേക്കു പോകാൻ തയാറാകതെ ഇന്ത്യയിൽത്തന്നെ നിന്നു. അന്ന് അവർ ഇന്ത്യയുടെ ആകെ ജനസംഖ്യയുടെ 3 ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളു.

എന്നാൽ വർഷങ്ങൾക്കു ശേഷം അവസാനമായി സെൻസസ് എടുത്ത 2012 ലെ കണക്കനുസരിച്ചു പാക്കിസ്ഥാനിലെ അമുസ്ലിങ്ങൾ രണ്ടു ശതമാനത്തിലേക്കു ചുരുങ്ങിയപ്പോൾ ഇന്ത്യയിലെ മുസ്ലിങ്ങൾ 18 ശതമാനത്തിലേക്കുയരുകയാണുണ്ടായത്. 1947 ലെ കണക്കനുസരിച്ച് പാക്കിസ്ഥാനിൽ 22%, ബംഗ്ലാദേശിൽ (ഈസ്റ്റ് പാക്കിസ്ഥാൻ) 24%, അഫ്ഗാനിസ്ഥാൻ 14% എന്നിങ്ങനെ ആയിരുന്നു അമുസ്ലിം ജനസംഖ്യ. ഇന്ന് ആ ജനസംഖ്യ, പാക്കിസ്ഥാൻ 2%, ബംഗ്ലാദേശ് 0.9%, അഫ്ഗാനിസ്ഥാൻ 0.3% എന്നാണ്. എന്തുകൊണ്ടാണ് ഇങ്ങനെ ഇവരുടെ ജനസംഖ്യ ചുരുങ്ങിയത്? ഐക്യരാഷ്ട്ര സംഘടനയുടെ സ്ഥിതിവിവര കണക്കനുസരിച്ചു ക്രൂരമായ മതപീഢനവും മനുഷ്യാവകാശ ധ്വംസനവും നിർബന്ധിത മതപരിവർത്തനവും കാരണം നാട് വിട്ടുപോയവരും ഹീനമായി കൊല്ലപ്പെട്ടവരുമായ ഹതഭാഗ്യരുടെ എണ്ണമാണ് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. 2001 ൽ അഫ്ഗാനിസ്ഥാനിൽ നിർബന്ധിതമായി ഹിന്ദുക്കൾക്കു പ്രത്യേക "ടാഗ്" നൽകുകയുണ്ടായി. അത് ധരിച്ചു മാത്രമേ അവർക്കു പുറത്തിറങ്ങുവാനാകുകയുള്ളൂ. ഈ ജനസംഖ്യാ അനുപാതത്തിൽ നിന്നും ആ ഇസ്ലാമിക രാജ്യങ്ങളിൽ ന്യൂനപക്ഷങ്ങളെ എങ്ങനെയാണവർ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാണ്. എന്നാൽ ഹിന്ദു ഭൂരിപക്ഷമുള്ള ജനാധിപത്യ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾ എങ്ങനെ സംരക്ഷിക്കപ്പെടുന്നു എന്നതും ഇതിൽ നിന്നും വ്യക്തമാണ്.

ഇങ്ങനെ പീഢനമനുഭവിച്ചു വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അമുസ്ലിങ്ങളായ ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ എന്നീ ആറു വിഭാഗങ്ങളിൽ പെട്ടവർക്ക് ഇന്ത്യയിൽ അഭയം നൽകി പൗരന്മാരായി ഭാരതത്തിൽ ജീവിക്കാനുള്ള അവസരമാണ് ഈ പൗരത്വ ഭേദഗതി നിയമം അനുശാസിക്കുന്നത്. ഇങ്ങനെ അഭയം തേടി വന്ന് അനധികൃതമായി താമസിക്കുന്ന ആയിരക്കണക്കിനാളുകൾ ഇവിടെയുണ്ട്. അവർക്കൊക്കെ ഇനി ഇന്ത്യൻ പരത്വം ലഭിക്കും. ഇന്ത്യയിലെ സ്വതന്ത്ര


GRAND OPENING
(under new management)
Monday
Dec.19th
MAHARAJA
SUPERMARKET
Indian Groceries
Snacks
Frozen Foods
Fresh Vegetables Daily
Fresh | Frozen Fish
Meat Market
1620 Hillside Ave, New Hyde Park, NY 11040
1-516-775-3900

വായു ശ്വസിച്ചു ധൈര്യമായി കുടുംബത്തോടൊപ്പം കഴിയാം.

പിന്നെ എന്തിനാണ് ഈ പ്രതിഷേധം ആളിക്കത്തിക്കുന്നത്? അവിടെയാണ് രാഷ്ട്രീയം എന്ന അപഹാസ്യമായ താത്പര്യം പൂന്തു വിളയാടുന്നത്. ഈ നിയമത്തെ യു. എൻ. ഹൈക്കമ്മീഷണർ ഫോർ ഹ്യൂമൻ റൈറ്റ്സ് "മൗലികമായി വിവേചനപരം (fundamentally discriminative)" എന്നാണ് വിശേഷിപ്പിച്ചത്. ഈ ഭേദഗതിയിൽ എന്തുകൊണ്ടാണ് മുസ്ലിങ്ങളെ ഒഴിവാക്കിയത് എന്നാണ് പ്രതിഷേധക്കാർ ചോദിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാർ പറയുന്നത് ഈ രാജ്യങ്ങൾ എല്ലാം തന്നെ ഇസ്ലാമിക രാജ്യങ്ങളാണ്. അവിടെ മുസ്ലിങ്ങൾ പീഢനമനുഭവിക്കുന്നില്ല. അതുകൊണ്ടു തന്നെ അവരെ ഇവിടേയ്ക്ക് കൊണ്ടുവരേണ്ട ആവശ്യമില്ല എന്നാണ്. എങ്കിൽ പിന്നെ പാക്കിസ്ഥാനിൽ പീഢനം അനുഭവിക്കുന്ന അഹമ്മദീയരെയും ഷിയാകളെയും എന്തുകൊണ്ട് ഉൾക്കൊള്ളിക്കുന്നില്ല എന്ന ചോദ്യം ന്യൂയോർക്ക് ടൈംസ് ചോദിക്കുന്നു. അത് മത പീഢനമല്ല, മറിച്ച്, വിഭാഗീയതയാണ് എന്നാണ് സർക്കാർ വിശദീകരണം. ഈ നിയമത്തിനെതിരേ ഏറ്റവും കൂടുതൽ പ്രതിഷേധം നടക്കുന്നത് ബംഗാളിലും കേരളത്തിലും തമിഴ്നാട്ടിലുമാണ്. ബംഗ്ളാദേശിൽ നിന്നും കുടിയേറിയ ആയിരക്കണക്കിന് താഴ്ന്ന ജാതി ഹിന്ദുക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇവർ ഈ തെരഞ്ഞെടുപ്പിൽ ബിജെപി ക്കു മാത്രമേ വോട്ടു ചെയ്യൂ. ഇവർ ഇതുവരെ തൃണമൂലിന്റെ വോട്ടു ബാങ്കായിരുന്നു. ഈ വ്യതിയാനം ബംഗാളിലെ തെരഞ്ഞെടുപ്പിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയേക്കാം. ഇതാണ് മമതയെ ചൊടിപ്പിച്ചിരിക്കുന്നത്.

കേരളത്തിലെ സ്ഥിതി മറ്റൊന്നാണ്. ഇപ്പോൾ കേരളത്തിൽ അന്യ സംസ്ഥാന തൊഴിലാളികൾ എന്ന പേരിൽ വസിക്കുന്നത് 30 ലക്ഷത്തിൽ പരം ആളുകളാണ്. ഇതിൽ ഭൂരിഭാഗവും മുസ്ലിങ്ങളാണ്. "ബംഗാളികൾ" എന്ന് പൊതുവെ അറിയപ്പെടുന്ന ഇവരിൽ നല്ലൊരു പങ്കും എവിടെ നിന്ന് വന്നുവെന്നോ അവർ ആരാണെന്നോ ഒന്നും കേരള സർക്കാരിനറിയില്ല. എന്നാൽ ഇവർക്ക് കൂട്ടമായി പൗരത്വം ലഭിച്ചാൽ കേരളത്തിലെ മുസ്ലിങ്ങളുടെ സ്വാധീനം ഇരട്ടിയാകുമെന്നു മനസ്സിലാക്കിയ മുസ്ലിം സംഘടനകൾ സർക്കാരിൽ സ്വാധീനം ചെലുത്തുന്നത് പ്രതിഷേധത്തിന് ആക്കം കൂട്ടുന്നു. നിയമം പ്രാബല്യത്തിലായാൽ ഇതിൽ നല്ലൊരു പങ്കിനും നാടു വിടേണ്ടി വരും. ഈ വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിലും പിന്നീടുള്ള നിയമസഭാ തെരഞ്ഞെടുപ്പിലും കേരളത്തിൽ മുസ്ലിം വോട്ടുകൾ നിർണ്ണായകമാണെന്നു മാത്രമല്ല, പലരുടെയും ഭാവി തീരുമാനിക്കുന്നതും ആ വോട്ടുകളാണ്. അവരുടെ ഐക്യം ക്രിസ്ത്യാനികൾക്കോ ഹിന്ദുക്കൾക്കോ ഒരിക്കലും ഇല്ലെന്നുള്ള സത്യം രാഷ്ട്രീയക്കാർക്ക് നല്ലതുപോലെ അറിയാം. അപ്പോൾ പിന്നെ പ്രതിഷേധ സമരങ്ങൾ കടുപ്പിച്ചു സമുദായത്തിന്റെ പ്രീതി പിടിച്ചു കിട്ടാനായി എൽ ഡി എഫും യു ഡി എഫും മത്സരിക്കുകയാണ്. തമിഴ്നാട്ടിൽ ഡി എം കെ യുടെയും അവസ്ഥ ഇത് തന്നെ.





എന്നാൽ ഈ രാഷ്ട്രീയക്കാർ വോട്ടിനു വേണ്ടി ചെയ്യുന്ന അപരാധം വലുതാണ്. അവർ നിയമാനുസൃതമായി കാലാകാലങ്ങളായി ഇന്ത്യയിൽ ജീവിക്കുന്ന മുസ്ലിങ്ങളെ മുഴുവൻ ഇന്ത്യയിൽ നിന്നും നാടുകടത്താനായിട്ടുള്ള പദ്ധതിയാണ് ഈ നിയമം എന്നു പ്രചരിപ്പിക്കുന്നു. ഇത് തീക്കളിയാണ്. ഇപ്പോൾ തന്നെ ദുർബ്ബലമായിക്കൊണ്ടിരിക്കുന്ന മതസൗഹാർദ്ദം ശിഥിലമാക്കാൻ മാത്രമേ ഈ പ്രകോപനം ഉപകരിക്കൂ എന്നവർ മനസ്സിലാക്കുന്നില്ല. എങ്കിൽ പിന്നെ എന്തിനാണ് ഈ തെരെഞ്ഞെടുപ്പിനു തൊട്ടു മുൻപേ ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത്? സംശയം വേണ്ട, വടക്കേ ഇന്ത്യയിലെ ഹിന്ദു വോട്ടു ബാങ്ക് ലക്ഷ്യമാക്കിത്തന്നെയാണ്. അന്യ നാടുകളിൽ പോലും പീഢനം അനുഭവിക്കുന്ന ഹിന്ദുക്കളുടെ രക്ഷയ്ക്ക് ഈ സർക്കാർ ഉണ്ടാവും എന്ന പ്രതിജ്ഞ ചെറിയ കാര്യമല്ല. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ബിജെപി യ്ക്ക് പ്രതികൂലമാകുകയില്ലേ എന്ന ചോദ്യവും പ്രസക്തമാണ്. പക്ഷേ, നരേന്ദ്ര മോദിയെ സംബന്ധിച്ചിടത്തോളം ഇത് ഒരു വെടിക്കു രണ്ടു പക്ഷികളാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ആശങ്കാകുലരാകുന്ന മുസ്ലിങ്ങൾക്ക് വേണ്ടി സമരത്തെ നയിക്കുന്നത് കോൺഗ്രസ് ആയിരിക്കുമെന്നു ബിജെപിക്കു നല്ലതുപോലെ അറിയാം. അതുകൊണ്ടുതന്നെ പ്രതിരോധത്തിലാകുന്നത് കോൺഗ്രസ് ആണ്. കാരണം, കോൺഗ്രസിനെ താങ്ങുന്ന ക്രിസ്ത്യൻ-ഹിന്ദു വോട്ടു ബാങ്കിൽ വിള്ളലുണ്ടാകും. ഇത് ഫലത്തിൽ സഹായിക്കുക എൽ ഡി എഫിനെയാണ്. അതുകൊണ്ടു ബിജെപി ക്ക് എന്തു ഗുണം എന്ന് ചോദിച്ചേക്കാം. ഗുണമുണ്ട്.




കോൺഗ്രസിന് ആകെ അൽപ്പം പിടിവള്ളിയുള്ള സംസ്ഥാനമാണ് കേരളം. അവിടെ കോൺഗ്രസിന് ക്ഷീണമുണ്ടായാൽ "കോൺഗ്രസ് മുക്ത ഭാരതം" എന്ന ബിജെപി അജണ്ടയാണ് നടപ്പിലാക്കുന്നത്. ഈ തെരെഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസിന് പൊട്ടലുണ്ടായാൽ വൻ നേതാക്കളടക്കം കൂട്ടത്തോടെ ബിജെപി യിലേക്ക് ചേക്കേറാനും അതുവഴി കോൺഗ്രസിന് ഒപ്പീസ് ചൊല്ലിക്കാനും സാധ്യതയുണ്ട്. പിന്നീട് കേരളത്തിൽ മുസ്ലിം സംഘടനകളുടെ പിന്തുണയോടെ കമ്മ്യൂണിസ്റ്റ് പാർട്ടിയോ കമ്മ്യൂണിസ്റ് പാർട്ടിയുടെ പിന്തുണയോടെ മുസ്ലിം സംഘടനകളോ ആയിരിക്കും കേരളം ഭരിക്കുക. തമ്മിലടി എന്ന മാരക രോഗത്താൽ വികലാംഗരായ കോൺഗ്രസ് നേതാക്കൾ ഇത് വേഗത്തിൽ സാധ്യമാക്കുകയും ചെയ്യും.

വളർന്നു വരുന്ന തീവ്രവാദ ഭീഷണിയെ നേരിടാൻ ഈ സർക്കാർ ഒരു പടി കൂടി മുൻപോട്ടു പോയി എന്ന് മാത്രമേ ഈ നിയമം കൊണ്ട് മനസ്സിലാക്കാനാവൂ!



തോമസ് തോമസ്
കാനഡയിൽ നിന്ന്
ഫോമാ പ്രസിഡന്റ്
(2024- 26)
സ്ഥാനാർഥി
മികവിന്റെ പാരമ്പര്യം കൈമുതൽ
അവിഭക്ത ഫൊക്കാനയിലും ഫോമായിലും
കരുത്തുറ്റ നേതൃത്വം
ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം

# ലോംഗ് ഐലൻഡ് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മികച്ച തുടക്കം



ഉമ്മൻ കാപ്പിൽ

ലോംഗ് ഐലൻഡ് (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത് കോൺഫറൻസിന്റെ കിക്കോഫ് മീറ്റിംഗിന് ലോംഗ് ഐലൻഡ് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക മാർച്ച് 10 ന് വേദിയായി.

ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് ഫാമിലി/യൂത്ത് കോൺഫറൻസ്. ഭക്തിപ്രഭാഷണങ്ങൾ, ബൈബിൾ പഠനം, വിശ്വാസം, പാരമ്പര്യങ്ങൾ, സമകാലിക വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള സംവേദനാത്മക സെഷനുകൾ എന്നിവ ഉൾപ്പെടുന്ന ഈ ആത്മീയ സമ്മേളനത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുക്കും.

വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ വികാരി റവ. ഡോ. സി. കെ. രാജൻ കോൺഫറൻസ് ടീമിനെ സ്വാഗതം ചെയ്തു. മാത്യു ജോഷ്വ (കോൺഫറൻസ് ട്രഷറർ), ജോൺ താമരവേലിൽ (കോൺഫറൻസ് ഫൈനാൻസ് മാനേജർ), മാത്യു വർഗീസ് (റാഫിൾ കോർഡിനേറ്റർ), ഷീല ജോസഫ്, പ്രേംസി ജോൺ, സേറ മത്തായി, ജോനാഥൻ മത്തായി, ഷെറിൻ കുര്യൻ, ക്രിസ്റ്റൽ ഷാജോൺ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സംഘത്തിൽ. മാത്യു ജോൺ (ഇടവക സെക്രട്ടറി), ബിനു അലക്സ് (ട്രസ്റ്റി), ജേക്കബ് വർഗീസ് (ഭദ്രാസന അസംബ്ലി അംഗം) എന്നിവരും വേദിയിൽ ചേർന്നു.

ജോൺ താമരവേലിൽ കോൺഫറൻസിന്റെ തീയതി, സ്ഥലം, തീം, പ്രാസംഗികർ എന്നിവയുൾപ്പെടെയുള്ള പൊതുവായ വിവരങ്ങൾ പങ്കിട്ടു. ഷെറിൻ കുര്യൻ രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു. മാത്യു വർഗീസ്







# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

റാഫിളിനെ കുറിച്ചും സ്പോൺസർഷിപ്പ് അവസരങ്ങളെ കുറിച്ചും സംസാരിച്ചു. സമ്മേളനത്തിന്റെ അനുസ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചുള്ള വിവരങ്ങൾ ജോനാഥൻ മത്തായി നൽകി. ക്രിസ്റ്റൽ ഷാജോൺ വിനോദ സായാഹ്നത്തെക്കുറിച്ചും പങ്കെടുക്കാനുള്ള അവസരങ്ങളെക്കുറിച്ചും ഓർമ്മിപ്പിച്ചു. സമ്പന്നമായ ഒരു അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളേയും മാത്യു ജോഷ്വ ക്ഷണിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച് സെക്രട്ടറിയും ട്രസ്റ്റിയും സുവനീറിന് സംഭാവന നൽകി. നിരവധി അംഗങ്ങൾ സമ്മേളനത്തിന് പിന്തുണ വാഗ്ദാനം ചെയ്തു. ഡയമണ്ട്  സ്പോൺസർ എന്ന നിലയിൽ ഗീവർഗീസ് മത്തായി തന്റെ പിന്തുണ വാഗ്ദാനം ചെയ്തു. മാത്യു ജോഷ്വയും മനച്ചൻ മത്തായി/തോമസ് മത്തായി എന്നിവർ ഗോൾഡ്  സ്പോൺസർമാരായി തങ്ങളുടെ പിന്തുണ അറിയിച്ചു. കോൺഫറൻസിൽ  പങ്കെടുക്കാൻ ഏഴ് അംഗങ്ങൾ രജിസ്റ്റർ ചെയ്തു. 41 അംഗങ്ങൾ റാഫിൾ ടിക്കറ്റുകൾ വാങ്ങിയോ സുവനീറിൽ പരസ്യങ്ങൾ ചേർത്തോ പിന്തുണ വാഗ്ദാനം ചെയ്തു.

ആത്മാർഥമായി  സഹകരിച്ച വികാരി, ഭാരവാഹികൾ, ഇടവക അംഗങ്ങൾ എന്നിവർക്ക് ഫാമിലി കോൺഫറൻസ് കമ്മിറ്റി നന്ദി അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം  റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ  ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ  ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. "ദൈവിക ആരോഹണത്തിന്റെ ഗോവണി" എന്ന വിഷയത്തെപ്പറ്റി ""ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക"" (കൊലൊ സ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ്  കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

ഞലഴശേെൃമശേീ ഹശിസ: വേേു://ശേിൃ്യൗ.രീ/എഥഇ2024

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.











In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P. T. Thomas
255 NORTH MAIN ST
Spring Valley NY 10977 ( 845) 352-9680, Spring Valley NY 10977 (845) 352-9680
pt@ptthomas.net

# വിമർശകരെ നിശ്ശബ്ദരാക്കാൻ ഒ.സി. ഐ കാർഡുകൾ ആയുധമാക്കുന്നതിൽ ഐഒസി പ്രതിഷേധിച്ചു

**രു ജനാധിപത്യ സർക്കാരിന് അവരുടെ നയങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് കൃത്യമായ ഉറപ്പുണ്ടെങ്കിൽ, അവർ ഒരിക്കലും രാഷ്ട്രീയ സംവാദങ്ങളിലേർപ്പെടുന്നവരെ നിശബ്ദരാക്കില്ല. വിദേശരാജ്യങ്ങളിലുള്ളഇന്ത്യാക്കാരുടെ മതസ്വാതന്ത്ര്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിൽ അഭിമാനിക്കുന്ന ഒരു സർക്കാരാണ് നയസംവാദങ്ങളിൽ പങ്കെടുക്കുന്നവരെ നിശബ്ദരാക്കാനുള്ള ശ്രമം തുടരുന്നതെന്നതാണ് വിരോധാഭാസം.**



വിമർശകരെ നിശ്ശബ്ദമാക്കുന്നതിനായി ഒ.സി. ഐ കാർഡുകൾ ആയുധമാക്കുന്നതിൽ കടുത്ത പ്രതിഷേധവുമായി ഐ.ഒ.സി. യു.എസ്.എ. യുകെയിൽ നിന്നുള്ള പ്രൊഫ. നിതാഷ കൗളിന് അടുത്തിടെയാണ് ഇന്ത്യയിലേക്കുള്ള പ്രവേശനം നിഷേധിച്ചത്.

ബിജെപി സർക്കാരിനെ വിമർശിക്കുന്നവരെ നിശബ്ദരാക്കാൻ ഒ.സി.ഐ കാർഡുകൾ ആയുധമാക്കുകയാണ്. ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായ നടപടി ഒ.സി.ഐ കാർഡിന്റെ മൂല്യം കുറയ്ക്കുക മാത്രമല്ല, സ്വാതന്ത്ര്യത്തിന്റെ ദീപസ്തംഭമാണ് ഇന്ത്യ എന്ന പ്രതിച്ഛായ തകർക്കുകയും ചെയ്യുമെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വൈസ് ചെയർമാൻ ജോർജ് എബ്രഹാം പറഞ്ഞു.

യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് മിനിസ്റ്ററിലെ ഇന്ത്യൻ വംശജയായ പ്രൊഫ. നിതാഷ കൗൾ തനിക്ക് ഇന്ത്യയിൽ പ്രവേശനം നിഷേധിച്ചുവെന്നും ബംഗളൂരു വിമാനത്താവളത്തിൽ നിന്ന് ലണ്ടനിലേക്ക് തിരിച്ചയച്ചുവെന്നും വെളിപ്പെടുത്തിയിരുന്നു. ഡൽഹിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് തന്റെ പ്രവേശനം നിഷേധിച്ചതെന്ന് കൗൾ വ്യക്തമാക്കി. ജനാധിപത്യപരവും ഭരണഘടനാപരവുമായ മൂല്യങ്ങൾ സംബന്ധിച്ച് അഭിപ്രായം പറഞ്ഞതിന്റെ പേരിലാണ് തന്നെ തിരിച്ചയച്ചതെന്നും നിതാഷാ കൗൾ വിമർശനമുന്നയിച്ചിരുന്നു.


അതെ സമയം, ഫെബ്രുവരി 22-ന് ഇന്ത്യയിലെത്തിയ ബ്രിട്ടീഷ് പൗരനായ നിതാഷാ കൗളിന് പ്രവേശനം നിഷേധിച്ചത് നമ്മുടെ രാജ്യത്തേക്കുള്ള വിദേശ പൗരന്മാരുടെ പ്രവേശനം സംബന്ധിച്ച പരമാധികാര തീരുമാനപ്രകാരമായിരുന്നെന്ന് വിദേശകാര്യ വക്താവ് രൺദീർ ജയ്സ്വാൾ പറഞ്ഞു. ന്യുയോർക്കിൽ കോൺസൽ ജനറൽ എന്ന നിലയിൽ ഇന്ത്യയുടെ നേട്ടങ്ങളും വൈവിധ്യവും പ്രവാസി സമൂഹത്തിന്റെ മുന്നിൽ അഭിമാനകരമായി ആഘോഷിച്ചിരുന്ന ജയ് സ് വാളിനുണ്ടായ മനം മാറ്റം അത്ഭുതപ്പെടുത്തുന്നതാണ്.

2014 മുതൽ 2023 മെയ് വരെയുള്ള കാലയളവിൽ 102 ഒസിഐ കാർഡുകളെങ്കിലും ബിജെപി നേതൃത്വത്തിലുള്ള സർക്കാർ റദ്ദാക്കിയതായി സൂചനകളുണ്ട്. പത്രപ്രവർത്തകരുടേതും അക്കാദമിക് വിദഗ്ധരുടേതും ഉൾപ്പെടെയാണിത്. ഒസിഐ കാർഡ് ഉടമകളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വെട്ടിക്കുറച്ച പുതിയ നിയന്ത്രണങ്ങളുമായി 2021-ൽ കേന്ദ്രം ഒരു വിജ്ഞാപനം പുറത്തിറക്കി. ഈ വിജ്ഞാപനമനുസരിച്ച്, ഏതെങ്കിലും ഗവേഷണം നടത്താൻ ഒസിഐ കാർഡ് ഉടമകൾ പ്രത്യേക പെർമിറ്റ് നേടേണ്ടതുണ്ട്. മിഷനറി, തബ് ലീഗ് പ്രവർത്തനങ്ങളോ, മാധ്യമ ജോലി ചെയ്യുന്നതിനോ അനുവാദമില്ല. അതേ പോലെ ഇന്ത്യയിലെ ഏതെങ്കിലും സംരക്ഷിത, നിയന്ത്രിത, പ്രദേശങ്ങൾ സന്ദർശിക്കാനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

ഒരു ജനാധിപത്യ സർക്കാരിന് അവരുടെ നയങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് കൃത്യമായ ഉറപ്പുണ്ടെങ്കിൽ, അവർ ഒരിക്കലും രാഷ്ട്രീയ സംവാദങ്ങളിലേർപ്പെടുന്നവരെ നിശബ്ദരാക്കില്ല. വിദേശരാജ്യങ്ങളിലുള്ളഇന്ത്യാക്കാരുടെ മതസ്വാതന്ത്ര്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിൽ അഭിമാനിക്കുന്ന ഒരു സർക്കാരാണ് നയസംവാദങ്ങളിൽ പങ്കെടുക്കുന്നവരെ നിശബ്ദരാക്കാനുള്ള ശ്രമം തുടരുന്നതെന്നതാണ് വിരോധാഭാസം.

ജനാധിപത്യ ഗവൺമെന്റുകൾ മാറിക്കൊണ്ടിരിക്കുന്നിടത്ത് ആഗോള സ്വാതന്ത്ര്യം അപകടത്തിലാകുന്നു എന്നതിന് കൂടുതൽ തെളിവുകൾ ലഭിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. നയരൂപീകരണത്തിലെ വ്യത്യാസം ദേശവിരുദ്ധമെന്ന് വ്യാഖ്യാനിക്കുകയാണ്. പ്രവാസികളായ വോട്ടർമാർ ഈ അപകടത്തെ തിരിച്ചറിയുന്നുന്നുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം വലിയ കാര്യമാണിതെന്ന തിരിച്ചറിവാണിത്. ഈ പശ്ചാലത്തിൽ അഭിപ്രായരൂപീകരണം നടത്തുന്ന വിദേശ ഇന്ത്യക്കാരെ ലക്ഷ്യം വയ്ക്കുന്നത് നിർത്തണമെന്ന് കചരഇഡടഅ ഇന്ത്യൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു

നിലവിലെ അവസ്ഥയെക്കുറിച്ച് അവർ അഭിപ്രായം പ്രകടിപ്പിക്കുന്നത് കൂടുതൽ ശക്തമായ ബന്ധം കെട്ടിപ്പടുക്കുന്നതിനാണ്. പരസ്പരം പ്രയോജനകരമായ താൽപ്പര്യങ്ങൾക്കായി അർത്ഥവത്തായ സംഭാഷണത്തിലൂടെ ആ ബന്ധം സുദൃഢമാക്കാം-അദ്ദേഹം പറഞ്ഞു


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com



Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions

A member of the MassMutual Financial Group

**SABU LUKOSE, MBA**

Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .



TAX PREPARATION SPECIALISTS

JOSEPH & ASHLEY KURIAPPURAM CPA



- FOREIGN INCOME COMPLIANCES
- WE WORK IN ALL FIFTY STATES
- PERSONAL AND BUSINESS RETURNS
- BUSINESS START-UPS
- ITIN PROCESSING
- FREE CONSULTATION & e-FILING
- 24/7 CUSTOMER SERVICE
- OPEN 7 DAYS, 9:00 AM TILL MIDNIGHT

U S TAX SERVICES

111 MAIN STREET, SUITE 2, NANUET, NEW YORK 10954

Phone. (845) 215-5601 Cell. (845) 507-2667 | Email: usincometax@gmail.com


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



### ജോസഫ് പള്ളിവാതുക്കൽ

സാക്രമെന്റോ: ഓർമാ ഇന്റർനാഷണൽ മൂവീ ഫോറം ചെയർ രാജ് മാത്യൂവിന്റെ പിതാവ്, ജോസഫ് പള്ളിവാതുക്കൽ, വെസ്റ്റ് ബെംഗാളിലെ കോൽക്കാത്തായിൽ അന്തരിച്ചു. ഭാര്യ: റോസ് ജോസഫ് (നംബുശ്ശേരിൽ, കുറവിലങ്ങാട്), മകൻ: മാരിയോ പ്രഭു ജോസഫ്, മരുമകൾ: മീനൂ മാരിയോ, മകൻ: രാജ് മാത്യൂ ജോസഫ് ,മരുമകൾ: സ്നേഹാ തോമസ്, ചെറുമക്കൾ: അലേസാന്ദ്രാ റോസ്, ഗിസ്സിൽ റൂബി, മഖേലാ മാരിയോ. പ്രശസ്തമായ ജോസ്കോൺ കൺസ്ട്രക്ഷൻ കമ്പനിയുടെയും സൺ പവർ ലിങ്കിന്റെയും സ്ഥാപകനും സി ഈ ഓയും ആയിരുന്നു ജോസഫ് പള്ളിവാതുക്കൽ.



### ദേവസ്യ പി. സേവ്യർ

ന്യൂജേഴ്സി: ചങ്ങനാശ്ശേരി ചീരഞ്ചിറ പുല്ലുകാട്ട് സേവ്യറിന്റെയും, മറിയാമ്മയുടെയും മകൻ ദേവസ്യ പി. സേവ്യർ (സിബിച്ചൻ-63) അന്തരിച്ചു. ഭാര്യ ഫിലോമിന മുട്ടൂച്ചിറ കണിവേലിൽ കുടുംബാംഗം. മക്കൾ: അനു, അനീറ്റ (യൂ.കെ), അഖില (നേഴ്സ്), അലൻ (സൗത്ത് ഇന്ത്യൻ ബാങ്ക്). സോമർസെറ്റ് സെൻറ് തോമസ് സീറോ മലബാർ ഫൊറോനാ ഇടവക വികാരി റവ. ഫാ . ആന്റണി പുല്ലുകാട്ടിന്റെ സഹോദരനാണ് പരേതൻ.

### മോൻസി തോമസ്

കൊല്ലാട്:മധുരംചേരിൽ കളംകുന്നേൽ മോൻസി തോമസ് (64) അന്തരിച്ചു. ഭാര്യ: സൂസൻ. മക്കൾ: സിനു (യുകെ), സിമി, സാമുവൽ.



### തങ്കച്ചൻ

ന്യൂയോർക്ക്: തങ്കച്ചൻ മഴവഞ്ചേരിൽ (കുര്യാക്കോസ് എം. തോമസ്, 80) ന്യൂയോർക്കിൽ അന്തരിച്ചു. മേഴ്സി കണ്ടാരപ്പള്ളിൽ ആണ് ഭാര്യ.മക്കൾ: മിന്റു, ടോം കുര്യാക്കോസ്, ജേക്കബ്. മരുമക്കൾ: റോജി ജോയ് (മുത്തോലത്ത്), നീന കുര്യാക്കോസ്.പേരക്കുട്ടികൾ: ഏതൻ,എവാന്നാ,തിയഡോർ.സഹോദരങ്ങൾ: പരേതനായ ബേബി തോമസ്, പരേതനായ തോമസ് തോമസ്, പരേതനായ അവറാച്ചൻ തോമസ്, അമ്മിണി ചെറിയാൻ, ശോശാമ്മ ജോസ്, അബ്രഹാം തോമസ്.

### അന്നമ്മ

അതിരമ്പുഴ:കോട്ടയ്ക്കുപുറം അന്നമ്മ 105)അന്തരിച്ചു. ഭർത്താവ്: പരേതനായ ഔസേപ്പ് സ്കറിയ.



### ഐസക്ക് തോമസ്

ചിക്കാഗോ: ഒഹയർ എയർപോർട്ടിലെ ചീഫ് കസ്റ്റംസ് ആൻഡ് ബോർഡർ പട്രോൾ ഓഫിസർ ഐസക്ക് തോമസ് (54) അന്തരിച്ചു. മല്ലപ്പള്ളി, ആനിക്കാട്ട്, വടക്കേടത്ത് പരേതനായ ഐസക്ക് വി. തോമസിന്റേയും എലിസബത്ത് തോമസിന്റെയും പുത്രനാണ്. ഭാര്യ: ആൻ ജേക്കബ്. മക്കൾ: ജയ്സൺ തോമസ്, ജോയൽ തോമസ്.സഹോദരിമാർ: ബീന കുര്യൻ (ബാൾട്ടിമോർ), ബിനിത കുന്നേൽ (ഓക്കലഹോമ).

### പി.പി.വർഗീസ്

കളത്തിൽപടി:തുരുത്തേൽ പുത്തൻവീട്ടിൽ പി.പി.വർഗീസ്(കുഞ്ഞ്74) അന്തരിച്ചു. ഭാര്യ: പാമ്പാടുംപാറ കടുപ്പിൽ സ്റ്റെല്ല. മക്കൾ: സുജിത് (യുകെ), സുനു (കാനഡ).



### കെ.പി.ജോസഫ്

അതിരമ്പുഴ : മലയാള മനോരമ മുൻ അസിസ്റ്റന്റ് എഡിറ്റർ കെ.പി.ജോസഫ് കൊട്ടാരം (89) അന്തരിച്ചു. സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ 1963ൽ മാമ്മൻ മാപ്പിള സ്കോളർഷിപ്പ് നേടിയാണ് മലയാള മനോരമയിൽ പ്രവേശിച്ചത്. കോട്ടയം പ്രസ് ക്ലബ് പ്രസി ഡന്റ്, കേരള പത്രപ്രവർത്ത കയൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചു. ഭാര്യ: പരേതയായ റോസമ്മ . മക്കൾ: ജോഷി ജോസഫ് (കോർപറേറ്റ് മാനേജർ , എംആർഎഫ് ചെന്നൈ), ഡോ. സോഫിയാമ്മ ജോസഫ് തോമസുകുട്ടി ജോസഫ്.




### രവി എടത്വാ

ഡാളസ്: ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ വൈസ് പ്രസിഡന്റ് രവി എടത്വാ, 67, (പുന്നശേരിൽ) അന്തരിച്ചു. അമേരിക്കയിലെ അറിയപ്പെടുന്ന ഫോട്ടോ ഗ്രാഫറും, വിഡിയോ ഗ്രാ ഫറും ആയിരുന്നു. ഡാലസ് മലയാളികൾക്ക് സുപരിചിതനും സിയാന സ്റ്റുഡിയോ ഉടമയും പ്രശസ്ത ഫോട്ടോ- വീഡിയോഗ്രാഫറും, ഏഷ്യാനെറ്റിലെ യുഎസ് വീക്കിലി റൗണ്ട് അപ്പിന്റെ ടെക്സസിലെ പ്രൊഡക്ഷൻ കൺട്രോളറും, ഇപ്പോൾ ഫ്ളവേഴ്സ് ടിവിയുടെ ടെക്സസ് റീജിയണൽ മാനേജരു മായിരുന്നു. ഭാര്യ: സൈന ബ. മക്കൾ: സിയാന, അപ്പൂ സ്. മരുമകൻ: പ്രേം അയ്യർ

### ഏലിക്കുട്ടി

മേരിലാൻഡ്: ഇളയച്ചാനിയ്ക്കൽ ഏലിക്കുട്ടി (83) അന്തരിച്ചു. കളത്തൂക്കടവ് മറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ്: സെബാസ്റ്റ്യൻ. മക്കൾ: എൽസി, ഡോളി.



### ഡേവി സിലാസ്

പെൻസിൽവാനിയ / തൃശൂർ : തൃശൂർ കോർപ്പറേഷൻ കൗൺസിൽ ദീർഘകാല അംഗവും, മുൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും, കോൺഗ്രസ് നേതാവും, വിൽവട്ടം സഹകരണ ബാങ്ക് പ്രസിഡണ്ടും, പ്രമുഖ സഹകാരിയുമായ ഡേവി സിലാസ് അന്തരിച്ചു. ചെറു മഠത്തിൽ സിലാസിന്റെ മകനാണ് ഡേവി. ചേറൂർ സിഎസ് ഐ കോൺഗ്രിഗേ ഷൻ അംഗമാണ്. ഭാര്യ: സീത ഡേവി. മക്കൾ :നിമ്മി ഡേവിസിമ്മി ഡേവി (ഓസ്ട്രേലിയ). സാജൻ സിലസ് (പെൻസിൽവാനി യ,യു.എസ്.എ) മരുമക്ക ൾ:പരേതനായ സ്റ്റാലിൻ ജോൺ. രോഹിത് റാവത്ത് (ഓസ്ട്രേലിയ). ആഷ്‌ലി ബോസ് ( പെൻസിൽവാനിയ,യു.എസ്.എ).

### ജെ.ജോസഫ്

വൈക്കം:കിളിയാറ്റുനട ഇടക്കേരിത്തറ ജെ.ജോസഫ് (66) അന്തരിച്ചു. ഭാര്യ: സലോമി ജോസഫ്.



### ത്രേസ്യാമ്മ ജോസഫ്

രാമപുരം: ഇരുമ്പൂഴിയിൽ ത്രേസ്യാമ്മ ജോസഫ് (പെണ്ണമ്മ 88) അന്തരിച്ചു. സംസ്കാരം ശനിയാഴ്ച പത്തിന് രാമപുരം സെന്റ് അഗസ്റ്റ്യൻസ് പള്ളിയിൽ. പരേത കോതനല്ലൂർ വെളിഞ്ഞാലിൽ കുടുംബാംഗം. മക്കൾ: ജെസി മോൾ സാബു (യുഎസ്എ), അഗസ്റ്റിൻ ജോസഫ് (മസ്ക്കറ്റ്),ഷാന്റി സലിം (മസ്ക്കറ്റ്), ഷൈനി ജോജോ ഇലഞ്ഞി, മാനുവൽ ജോസഫ് രാമപുരം. മരുമക്കൾ: സാബു ജോൺ കൂട്ടുമല (യുഎസ്എ),ജെസി അഗസ്റ്റിൻ (മസ്ക്കറ്റ്), സലിം കെ സേവ്യർ കട്ടക്കയം രാമപുരം, ജോജോ ആൻഡ്രൂസ് തൊട്ടുവേലിൽ ഇലഞ്ഞി,ജിൻസി മാനുവൽ വെള്ളൂരാത്ത് ചെമ്മലമറ്റം.

### ഏലിക്കുട്ടി

വൈക്കം:ചേമ്പാലയിൽ ഏലിക്കുട്ടി (83) അന്തരിച്ചു. ഭർത്താവ്: തോമസ്. മക്കൾ: സിജി സാം, ട്രീസ റോയ് (യുകെ). മരുമക്കൾ: സാം ജോസ്, റോയ് ചാണ്ടി.



### സി.വി. തോമസ്

വല്ലകം: പരേതനായ ചക്കങ്കൽ സി.വി. വർഗീസിന്റെ മകൻ സി.വി. തോമസ് (തൊമ്മച്ചൻ-89) അന്തരിച്ചു. പരേതയായ മറിയമ്മയാണ് ഭാര്യ. പാല തെരുവിൽ കുടുംബാംഗമാണ്. ഗീത ഇഞ്ചയ്ക്കൽ കുറവിലങ്ങാട്, ജോർജ് തോമസ് (യുഎസ്എ) എന്നിവർ മക്കളാണ്. ബേബിച്ചൻ ഇഞ്ചയ്ക്കൽ കുറവിലങ്ങാട്, അനു ഐക്കരക്കുന്നേൽ എറണാകുളം (യുഎസ്എ) മരുമക്കളാണ്. സി.വി. ജോസഫ്, സി.വി. എബ്രാഹം, ജോ. സി.വി. സിറിയക് (യുഎസ്എ), ലിസി ഐപ്പൻപറമ്പിൽക്കുന്നേൽ, പരേതരായ സി.വി. ജോർജ്,സി.വി.ജയിംസ് സഹോദരങ്ങളാണ്.

### ജോസഫ് അലക്സ്

കോട്ടയം:നീലേട്ട് ജോസഫ് അലക്സ് (41) അന്തരിച്ചു. നീലേട്ട് അലകസിന്റെയും ഷേർളിയുടെയും മകനാണ്. ഭാര്യ: എസ്എച്ച് മൗണ്ട് കളപ്പുരയിൽ മനു ജോസഫ്.



### ജെ. തോമസ്

മരങ്ങാട്ടുപ്പിള്ളി: മലപ്രവനാൽ ജെ. തോമസ് (തൊമ്മച്ചൻ 92) അന്തരിച്ചു. ഭാര്യ പരേതയായ ചിന്നമ്മ, മീനച്ചിൽ കാഞ്ഞമല കുടുംബാംഗം. മക്കൾ: ജോയി (ഡൽഹി), ടോമി (എംഎം ഫൂഡ്സ്, മരങ്ങാട്ടുപ്പിള്ളി), ജാൻസി(യുഎസ്എ), ആൻസി, സെലിൻ, ലിസി, ബിന്ദു(കെഎസ്ഇബി, തിരുവനന്തപുരം), പരേതനായ ജോമോൻ. മരുമക്കൾ: ആനി ഇഞ്ചത്താനത്ത് (കരൂർ), സെബാസ്റ്റ്യൻ ആറുപറയിൽ (ചങ്ങനാശേരി), സോജൻ കിഴക്കുംതല (പെരുമ്പാവൂർ), മാണിച്ചൻ കാടൻകടവിൽ (കുറുമണ്ണ്), ഷാജി വാഴയ്ക്കാപ്പാറ (തങ്കമണി), ജിജി കുപ്പയിൽ ഇലഞ്ഞി, സജു ശ്രുതിലയം ( തിരുവനന്തപുരം).

### മോളി ജോൺ

വെള്ളൂത്തുരുത്തി:എണ്ണശേരിൽ മോളി ജോൺ (80) അന്തരിച്ചു. ഒളശ്ശ മഞ്ചയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കെ.വി.ജോൺ.


THE ONE AND ONLY
DAILY NEWS BULLETIN
pravasi CHANNEL HD
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News